# സാമൂഹ്യ ശാസ്ത്രം

# SOCIAL SCIENCE

## MALAYALAM MEDIUM

## സ്റ്റാൻഡേർഡ് എട്ട്

## STANDARD EIGHT

### ഭാഗം II

### Term II

# 1. ഇന്ത്യയിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണം

## (ക്രി.പി. 1773 മുതൽ ക്രി.പി. 1857 വരെ)

### വാറൺ ഹേസ്റ്റിംഗ്സ് പ്രഭു ക്രി.പി.(1772- ക്രി.പി1785)

ക്രി.പി. 1772-ൽ വാറൺ ഹേസ്റ്റിംഗ്സ് ബംഗാളിലെ ഗവർണറായി . പിന്നീട് അദ്ദേഹം ബംഗാ ളിലെ ഗവർണർ ജനറലായി ഗവർണറായ ഉടനെ അദ്ദേഹത്തിന് നിരവധി പ്രശ്നങ്ങളെ അഭിമുഖീ കരിക്കേ ണ്ടതായി വന്നു. ക്രി.പി. 1772-ൽ ബംഗാളിൽ കഠിനമായ ദാരിദ്ര മുണ്ടായി. ബംഗാളിലെ ദ്വിഭരണം അവിടത്തെ സാമ്പത്തിക സ്ഥിതിയെ നശിപ്പിച്ചു. കർഷകരുടെയും കരകൗശല തൊഴിലാളികളുടെയും നില വളരെ മോശമായി. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഉദ്യോഗസ്ഥന്മാർ അവർക്കു ലഭിച്ച ആനുകൂല്യങ്ങളെ തെറ്റായ രീതിയിൽ പ്രയോജനപ്പെടുത്തിയതിനാൽ അവിടത്തെ സാമ്പത്തിക സ്ഥിതിയും ഭരണവും മോശമായി. അതുകൊണ്ട് കമ്പനി ബ്രിട്ടീഷ് ഗവണ്മന്റിനോട് വലിയൊരു തുക വായ്പയായി ആവശ്യപ്പെട്ടു. അങ്ങനെ ബ്രിട്ടീഷ് ഗവണ്മന്റ് ഇന്ത്യയിലെ ഈസ്റ്റിന്ത്യാ കമ്പനിയുടെ കാര്യങ്ങളിൽ ഇടപ്പെട്ടു. ക്രി.പി. 1773-ൽ ഈസ്റ്റിന്ത്യാ കമ്പനിയുടെ കാര്യങ്ങളെ നിയന്ത്രിക്കുന്നതിനു വേണ്ടി ബ്രിട്ടീഷ് ഗവണ്മന്റ് ക്രമീകരണ നിയമംപാസ്സാക്കി. ഈ നിയമമാണ് ഇന്ത്യൻ ഭരണഘടനവികാസത്തിന്റെ ആരംഭം കുറിച്ചത്.

### ക്രമീകരണനിയമത്തിന്റെ അംശങ്ങൾ

ബംഗാളിന്റെ ഗവർണർ ഗവർണർ ജനറൽ എന്ന പേരില റിയപ്പെട്ടു. വാറൺ ഹേസ്റ്റിംഗ്സ് ആദ്യത്തെ ഗവർണറായി . ഗവർണർ ജനറലിനെ ഭരണ കാര്യത്തിൽ സഹായിക്കുന്നതിന് നാലംഗങ്ങൾ അടങ്ങിയ ഒരു ആലോചനാ സഭ രൂപീകരിയ്ക്കപ്പെട്ടു. മദ്രാസ്, മുംബൈ എന്നിവിടങ്ങളിലെ ഗവർണർമാർ ബംഗാളിലെ ഗവർണറിന്റെ അധികാരത്തിൻ കീഴിൽ കൊണ്ടുവരപ്പെട്ടു. ക്രി.പി. 1774-ൽ കൊൽക്കത്തയിൽ ഒരു സുപ്രീം കോടതി സ്ഥാപിയ്ക്കപ്പെട്ടു. ഇതിൽ ഒരു പ്രധാന ന്യായാധിപനും മറ്റു മൂന്നൂ ന്യായാതിപന്മാരും ഉണ്ടായി രുന്നു. ഈ സുപ്രീം കോടതിയിലെ ആദ്യത്തെ പ്രധാന ന്യായാധിപൻ എലിജാ ഇംപേ ആയിരുന്നു.

### ക്രമീകരണ നിയമത്തിന്റെ തിന്മകൾ

ക്രമീകരണനിയമം സുപ്രീം കോടതിയുടെയും ഗവർണർ ജനറലിന്റെയും ആലോചനാ സംഭാംഗങ്ങളുടേയും പ്രവർത്തന രീതികളെ കുറിച്ച് വ്യക്തമായി സൂചിപ്പിച്ചിട്ടി ല്ലായിരുന്നു. അതിനാൽ ഗവർണർ ജനറലിന്റെ ആലോചനാ സഭാംഗങ്ങൾ കൂടെക്കൂടെ പ്രശ്നങ്ങൾ ഉണ്ടാക്കി യിരുന്നു. അവർ മുംബൈ, മദ്രാസ് എന്നിവിടങ്ങളിലെ ഗവർണർ ജനറലി നെ അനുസരിച്ചില്ല. ഇത് ഗവർണർ ജനറലിന്റെ ശക്തിയെ ക്ഷയിപ്പിച്ചു. ക്രമീകരണ നിയമത്തിന്റെ ഈ പോരായ്മകളെ ഇല്ലാതാക്കുന്നതിനുവേണ്ടി ബ്രിട്ടീഷ് പ്രധാന മന്ത്രിയായ വില്യംപിറ്റ് എന്നയാൾ ക്രി.പി. 1784-ൽ പിറ്റ് ഇന്ത്യാ നിയമം കൊണ്ടുവന്നു.

### പിറ്റ് ഇന്ത്യാ നിയമത്തിന്റെ സവിശേഷതകൾ

- ബ്രിട്ടീഷ് രാജാവിന്റെ അനുമതിയോടു കൂടി മാത്രമേ ഗവർണർ ജനലറിനെ നിയമിക്കാവൂ.

- ഗവർണർ ജനറലിന്റെ ആലോചനാ സഭയിലെ അംഗസംഖ്യ 4-ൽ നിന്നു മൂന്നായി കുറയ്ക്കപ്പെട്ടു.

- ഭരണാവശ്യത്തിനുവേണ്ടി ആറംഗങ്ങൾ അടങ്ങുന്ന ഒരു നിയന്ത്രണസമിതി രൂപീകരിക്കപ്പെട്ടു.

- ഗവർണർ ജനറൽ ഇന്ത്യയിലെ ബ്രിട്ടീഷ് സൈന്യത്തിന്റെ കമേൻഡർ - ഇൻ-ചീഫ് മുഖ്യ സൈന്യാധിപതി ആയി.

- ഈ നിയമം ഇന്ത്യയിൽ ഈസ്റ്റിന്ത്യാ കമ്പനിയുടെ മേൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ അധികാരം ഉറപ്പിക്കുന്നതിന് സഹായമായി.

## വാറൺ ഹേസ്റ്റിംഗ്സിന്റെ പരിഷ്കാരങ്ങൾ

### ഭരണപരിഷ്കാരങ്ങൾ

റോബർട്ട് ക്ലൈവ് ബംഗാളിൽ ഏർപ്പെടുത്തിയ ദ്വിഭരണത്തെ ഇദ്ദേഹം അവസാനിപ്പിച്ചു. ഇന്ത്യൻ പ്രദേശങ്ങളുടെ ഭരണം ഈസ്റ്റിന്ത്യാകമ്പനി ഏറ്റെടുത്തു. ഖജനാവു മൂർഷിദാബാദിൽ നിന്നും കൊൽക്കത്തയിലേയ്ക്ക് മാറ്റപ്പെട്ടു.

### നീതി ന്യായപരിഷ്കരണം

കൊൽക്കത്തയിൽ സാദർ ദിവാനി അദാലത്ത് (സിവിൽ) സാദർ നിസാമത് അദാലത്ത് (ക്രിമിനൽ) എന്നീ പേരുകൾ ഉള്ള രണ്ടു അപ്പീൽ കോടതികൾ സ്ഥാപിക്കപ്പെട്ടു. ഓരോ ജില്ലയിലും സിവിൽ, ക്രിമിനൽ കോടതികൾ സ്ഥാപിക്കപ്പെട്ടു. ഹിന്ദുക്കൾക്കും, മുസ്ലീങ്ങൾക്കും വേണ്ടി നിയമങ്ങൾ എഴുതിയുണ്ടാക്കി.

### വ്യാപാരപരിഷ്കരണങ്ങൾ

കമ്പനിക്കു വേണ്ടി ഗുണമേന്മയുള്ള സാധനങ്ങൾ വാങ്ങുന്ന തിനുവേണ്ടി ഒരു വ്യാപാര ബോർഡ് ഏർപ്പെടുത്തപ്പെട്ടു. കമ്പനി ഉദ്യോഗസ്ഥന്മാരെ സ്വയം വ്യാപാരത്തിലേർപ്പെടാൻ അനുവദിച്ചില്ല. ഇന്ത്യയുടെ വ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വ്യാപാരികളുടെ മേൽ ചുമത്തിയിരുന്ന നികുതിയെ 2.5 % ആയി കുറച്ചു. വാണിജ്യ നികുതി പിരിവ് കേന്ദ്രങ്ങളുടെ എണ്ണത്തെ കുറച്ചു. കൊൽക്കത്ത, ഡാക്കാ ഹൂഗ്ളി, പാട്ന, മൂർഷിദാബാദ് എന്നി വിടങ്ങളിൽ അഞ്ചു വാണിജ്യ നികുതി പരിവു കേന്ദ്രങ്ങൾ മാത്രം ഏർപ്പെ ടുത്തി.

### നികുതി പരിഷ്കരണം.

നികുതി ഭരണത്തിന്റെ മേൽ നോട്ടം വഹിക്കുന്നതിനുവേണ്ടി കൊൽക്കത്തയിൽ ഒരു റവന്യൂ ബോർഡ് ഏർപ്പെടുത്തി. ഓരോ ജില്ലയിലും നികുതി പിരിവിനു വേണ്ടി ഇംഗ്ലീഷ് നികുതി പിരിവുകാരെ ഏർപ്പെടുത്തി. നിലങ്ങളെ അഞ്ചുവർഷത്തേയ്ക്ക് നികുതി പിരിവുകാരെ ഏല്പിച്ചു. നികുതി പിരിവുകാർ നിലനികുതി വസൂൽ ചെയ്ത് ഗവൺമന്റിനു നൽകിയിരുന്നു.

### വിദ്യാഭ്യാസ പരിഷ്കരണങ്ങൾ

വാറൺ ഹേസ്റ്റിംഗ്സ് വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തു. ക്രി.പി. 1781ൽ മുസ്ലീങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കു വേണ്ടി കൊൽക്കത്തയിൽ മദ്രസ സ്ഥാപിച്ചു.

### റോഹില്ല യുദ്ധം ക്രി.പി. 1774

അഫ്ഗാനിസ്ഥാനിലെ ജനങ്ങളെയാണ് റോഹില്ലാകൾ എന്നറിയപ്പെട്ടിരുന്നത്. അവർ അടിയ്ക്കടി മാറാത്തകളുടെ ആക്രമണത്തിന് പാത്രമാകേണ്ടിവന്നു. അതിനാൽ

അവർ ഔദിലെ നവാബിന്റെ സഹാ യം ആവശ്യപ്പെട്ടു. നവാബ് റോഹില്ല കളിൽ നിന്ന് 20 ലക്ഷം രൂപ ആവശ്യ പ്പെടുകയും അവർ കൊടുക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. ക്രി.പി. 1773-ൽ മറാത്തകൾ റോഹിൽ ഖണ്ഡിൽ എത്തിയപ്പോൾ റോഹില്ലാ മാരുടെ പിന്നിൽ ഔദിലെ നവാ ബിന്റെ സൈന്യങ്ങൾ നിൽക്കുന്നതു കണ്ടു. അതിനാൽ മറാത്തകൾ യുദ്ധം ചെയ്യാതെ മടങ്ങി. ഔദിലെ നവാബായ ഷൂജ-ഉദ്-ദൗള റോഹി ല്ലന്മാരിൽ നിന്ന് വീണ്ടും 40 ലക്ഷം രൂപ ആവശ്യപ്പെട്ടു. എന്നാൽ റോഹില്ല നേതാവ് അതുകൊടുക്കാൻ വിസമ്മതിച്ചു. അതിനാൽ നവാബ് ഇംഗ്ലീഷുകാരുടെ സഹായം അഭ്യർ ത്ഥിച്ചു. മാത്രമല്ല നവാബ് ബ്രിട്ടീഷു കാർക്ക് 40 ലക്ഷം രൂപ കൊടുക്കാ മെന്ന് സമ്മതിക്കുകയും ചെയ്തു. അതിനാൽ വാറൺ ഹേസ്റ്റിംഗ്സ് പ്രഭു ഒരു ബ്രിട്ടീഷ് സൈന്യത്തെ റോഹില്ല നമാർക്കെതിരെ തിരിച്ചു വിട്ടു. റോഗില്ലന്മാർ പരാജയപ്പെടു കയും റോഹിൽ ഖണ്ഡ് ഔദിനോടു ചേർക്കപ്പെടുകയും ചെയ്തു.

### രണ്ടാം മൈസൂർ യുദ്ധം ക്രി.പി. 1780 - ക്രി.പി. 1784)

ക്രി.പി. 1769-ൽ ഹൈദർ അലിയും ബ്രിട്ടീഷുകാരും മദ്രാസ് ഉടമ്പടിയിൽ ഒപ്പുവച്ചു. ഇതു പ്രകാരം ആപൽഘട്ടങ്ങളിൽ പരസ്പരം സഹാ യിക്കാമെന്നും ഉറപ്പു നൽകി പക്ഷെ ക്രി.പി. 1771-ൽ മറാത്തകൾ മൈസൂ റിനെ ആക്രമിച്ചപ്പോൾ ബ്രിട്ടീഷുകാർ ഹൈദർ അലിയെ സഹായിക്കാ നെത്തിയില്ല. മാത്രമല്ല ഇന്ത്യയിലെ ഫ്രഞ്ച് പ്രദേശമായ മാഹിയെ ബ്രിട്ടീ ഷുകാർ പിടിച്ചെടുക്കുകയും ചെയ്തു. ഈ തുറമുഖം ഹൈദർ അലിയ്ക്ക് വളരെ മുഖ്യത്വമുള്ളതായതിനാൽ ഹൈദർഅലി ഇതിനെ എതിർക്കു കയും ബ്രിട്ടീഷുകാർക്കെതിരെ യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു.

ബ്രിട്ടീഷു സൈന്യം സർ അയർക്കൂട്ടിന്റെ നേതൃത്വത്തിൽ പോർട്ടോ നോവാ എന്ന സ്ഥലത്തു വച്ചും ക്രി.പി.1782-ൽ ആരണി എന്ന സ്ഥലത്തു വച്ചും ഹൈദർ അലിയെ തോൽപിച്ചു. ഇതിനിടയിൽ ഹൈദർ അലികാൻ സർ രോഗം ബാധിച്ച് മരണ മടഞ്ഞു. ഹൈദർഅലിയുടെ പുത്രനായ ടിപ്പുസുൽത്താൻ ബ്രിട്ടീഷു കാർക്കെ തിരെ യുദ്ധം തുടർന്നു. ക്രി.പി. 1784-ൽ ടിപ്പു സുൽത്താൻ ബ്രിട്ടീഷു കാരോട് മംഗലാപുരം ഉടമ്പടി ചെയ്തു. ഇതുപ്രകാരം രണ്ട് പക്ഷക്കാരും പിടിച്ചെടുത്ത പ്രദേശങ്ങളെ തിരികെ നൽകാ മെന്ന് സമ്മതിച്ചു.

### ഒന്നാം മറാത്ത യുദ്ധം

ക്രി.പി. 1775 -ൽ വാറൺ ഹേസ്റ്റിംഗ്സ് മറാത്തകൾക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഈ യുദ്ധം ക്രി.പി. 1782-ൽ സാൽബായ്(Salbai) ഉടമ്പടി പ്രകാരം അവസാനിച്ചു. ഇതിൻ പ്രകാരം മാധവറാവു നാരായൺ മറാത്ത പേഷ്വാ ആയി.

### വാറൺ ഹേസ്റ്റിംഗ്സിന്റെ കുറ്റ വിചാരണ

ഒന്നാം മറാത്ത യുദ്ധം ബ്രിട്ടീ ഷുകാരുടെ സാമ്പത്തിക തകർച്ചയ്ക്ക് കാരണമായി. അതിനാൽ വാറൺ ഹേസ്റ്റിംഗ്സ് ബനാറസിലുള്ള രാജാ ചെയ്ത് സിംഗിനോടു കൂടുതൽ പണം ആവശ്യപ്പെട്ടു. അദ്ദേഹം പണം കൊടുക്കാൻ നിരസിച്ച തിനാൽ ഹേസ്റ്റിംഗ്സ് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. കൂടാതെ ഔദിലെബീഗമിന്റെ സ്വകാര്യ ഖജനാവിൽ നിന്ന് പണമെടുത്തു

സാമൂഹ്യ ശാസ്ത്രം

കൃത്രിമ രേഖകളുണ്ടാക്കി തെറ്റായ കുറ്റാരോപണത്തിലൂടെ നന്ദകുമാർ എന്ന വ്യക്തിയുടെ മരണത്തിനു വാറൺ ഹേസ്റ്റിങ്സ് കാരണക്കാരനാണെന്നും കരുതപ്പെടുന്നുണ്ട്. അതിനാൽ അദ്ദേഹത്തിനെതിരെ ബ്രിട്ടീഷ് പാർലമെന്റിൽ കുറ്റവിചാരണ [ഇംപീച്ച്മെൻറ്] നടത്തുകയുണ്ടായി. ഇന്ത്യയിൽ ബ്രിട്ടീഷ് അധികാരത്തിന്റെ വികസനത്തിനായി അദ്ദേഹം അനുഷ്ഠിച്ച സേവനങ്ങളെ പരിഗണിച്ച് പിന്നീട് അദ്ദേഹത്തെ കുറ്റവിമുക്തനാക്കി.

## അഭ്യാസം

### I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. വാറൺ ഹേസ്റ്റിംഗ്സ് ബംഗാളിലെ ഗവർണറായി നിയമിക്കപ്പെട്ടത് ________ാംമാണ്ടാകുന്നും

   അ) 1772 ആ) 1773 ഇ)1774

2. ബ്രിട്ടീഷ് ഇന്ത്യയിലെ ആദ്യത്തെ ചീഫ് ജസ്റ്റീസ്ആയിരുന്നു. ________

   അ. സർതോമസ് ആ, സർഎലിജാ ഇംപേ ഇ,സർമോർസ്

3. ക്രകമീകരണ നിയമപ്രകാരം________എന്ന സ്ഥലത്ത് ഒരു സുപ്രീം കോടതി സ്ഥാപിക്കപ്പെട്ടു.

   അ, കൊൽക്കത്തെ ആ, മദ്രാസ് ഇ, മുംബൈ

4. ഹൈദർ അലിയുടെ മകൻ. __________

   അ, ദോസ്ത് അലി ആ, മിർകാസിം ഇ, ടിപ്പുസുൽത്താൻ

### II. പൂരിപ്പിക്കുക

1. ക്രി.പി.1770 -ൽ ഇന്ത്യയിൽ ___________ എന്ന സ്ഥലത്ത് ഒരു ഭയങ്കര ക്ഷാമം ഉണ്ടായി.
2. ക്രി.പി.1784-ൽ പിറ്റ് ഇന്ത്യാ നിയമം ഏർപ്പെടുത്തിയ ബ്രിട്ടീഷ് പ്രധാനമന്ത്രി_____.
3. _________ എന്നയാൾ ഏർപ്പെടുത്തിയ ദ്വിഭരണത്തെ വാറൺ ഹേസ്റ്റിംഗ്സ് അവസാനിപ്പിച്ചു
4. രണ്ടാം മൈസൂർ യുദ്ധം_________ ഉടമ്പടി പ്രകാരം അവസാനിച്ചു.

### III. യോജിപ്പിക്കുക

| | | |
|---|---|---|
| 1. ഔദിലെ നവാബ് | - | സിവിൽ കോടതി |
| 2. ഹൈദർ അലി | - | ബനാറസ് ഭരണാധികാരി |
| 3. സാദർ ദിവാനി അദാലത്ത് | - | മൈസൂർ ഭരണാധികാരി |
| 4. രാജാ ചെയ്ത് സിംഗ് | - | ഷൂജാ-ഉദ്-ദൗള |

## IV. ഒറ്റവാക്കിലുത്തരമെഴുതുക

1. ക്രി.പി. 1773-ൽ ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ നിയമത്തിന്റെ പേരെന്ത് ?
2. ക്രമീകരണ നിയമത്തിന്റെ ന്യൂനതകളെ ഇല്ലാതാക്കിയ നിയമം ഏത് ?
3. ഈസ്റ്റിന്ത്യാ കമ്പനിക്കു വേണ്ടി മേന്മയുള്ള സാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി ഏർപ്പെടുത്തിയ സ്ഥാപനം ഏത്?

## V. ചുരുക്കത്തിലുത്തരമെഴുതുക

1. ക്രമീകരണ നിയമത്തിന്റെ തിന്മകൾ എന്തെല്ലാം ?
2. ക്രി.പി.1780-ൽ ഹൈദർ അലി ബ്രിട്ടീഷുകാർക്കെതിരെ യുദ്ധം പ്രഖ്യാപിച്ചതെന്തിന്?
3. റോഹില്ല യുദ്ധത്തെ കുറിച്ച് കുറിപ്പെഴുതുക.

## VI. വിശദീകരിക്കുക

1. വാറൺ ഹേസ്റ്റിംഗ്സിന്റെ പരിഷ്കാരങ്ങളെ കുറിച്ച് വിവരിക്കുക.
2. ക്രമീകരണ നിയമത്തിന്റെ സവിശേഷതകളേവ?
   ക്രമീകരണ നിയമത്തിന്റെ ന്യൂനതകളെ പിറ്റ് നിയമം അകറ്റിയതെങ്ങനെ?

## രൂപീകരണ മൂല്യനിർണ്ണയം

1. സംവദിക്കുക

   ക്രി.പി.1773-ലെ ക്രമീകരണനിയമം ഇന്ത്യൻ ഭരണഘടന വളർച്ചയുടെ ആദ്യ ഘട്ടം - ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുക

2. വാറൺഹേസ്റ്റിങ്സിന്റെ ചിത്രം ഒട്ടിച്ച് അദ്ദേഹത്തിന്റെ ഭരണപരിഷ്ക്കാരങ്ങളെക്കുറിച്ചെഴുതുക

3. 1770-1772 ലെ ബംഗാളിലെ ക്ഷാമത്തെക്കുറിച്ചെഴുതുക

## 2. കോൺവാലീസ് പ്രഭു (ക്രി.പി.1786-ക്രി.പി.1793)



കോൺവാലീസ് പ്രഭു

1786-ൽ കോൺവാലീസ് പ്രഭ ഇന്ത്യയുടെ ഗവർണർ ജനറൽ ആയി. ഇടപ്പെടാ തിരിക്കൽ നയം പിൻ തുടരുന്നതിന് അദ്ദേഹം പ്രയത്നിച്ചു.

അദ്ദേഹത്തിന്റെ പരിഷ്കാരങ്ങളിൽ ഏറ്റവും പ്രധാനമായത് ബംഗാളിലെ സ്ഥിരഭൂനികുതി സമ്പ്രദായമാകുന്നു.

ക്രി.പി.1793-ൽ ബംഗാളിൽ,സ്ഥിര ഭൂനികുതി സമ്പ്രദായംഏർപ്പെടുത്തി. ഈ സമ്പ്രദായ പ്രകാരം നിലങ്ങളെ പത്തു വർഷത്തേയ്ക്ക് ജമീന്ദാർ എന്നറിയപ്പെടുന്ന ആൾക്ക് പതിച്ചുകൊടുത്തി രുന്നു. കർഷകൻ ഈ നിലങ്ങളിലെ തൊഴിലാളികളായി മാറി ഓരോ വർഷ വും ജമീന്ദാർ ഒരു നിശ്ചിത തുക നികുതിയായി കമ്പനിക്ക് നൽകേണ്ടി യിരുന്നു. ജമീന്ദാർ കൃത്യമായി നികുതി അടച്ചില്ലെങ്കിൽ ആ നിലത്തെ മറ്റൊരു ജമീന്ദാർക്കു നൽകുമായിരുന്നു.

### നന്മകൾ

ഈ സമ്പ്രദായം ജമീന്ദാർ മാർക്കു നേട്ടമുള്ളതായിരുന്നു. അവർ നിലങ്ങളുടെ ഉടമകൾ ആവുകയു ഈസ്റ്റിന്ത്യാ കമ്പനിയോട് ആദര വുള്ളവരായും തീർന്നു. ഈ സമ്പ്രദായം ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിക്കു ഒരു സ്ഥിരമായ വരുമാനത്തെ നേടികൊടുത്തു. ഈ സമ്പ്രദായം യഥാസമയം ക്രമീകരണങ്ങളിലൂടെ പോരായ്മയെ ഇല്ലാതാക്കി.

### തിന്മകൾ

ജമീന്ദാർമാർ നിലങ്ങളുടെ ഉടമകളാവുകയും അവർ അതുകൊണ്ട് വമ്പിച്ച നേട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തു. കർഷകർ വളരെയധികം ബാധിക്ക പ്പെട്ടു.അവർ ജമീന്ദാർമാരുടെ കാരുണ്യത്തിനു വേണ്ടിയാചിക്കേണ്ടതായി വന്നു. വേണ്ടി മറ്റു പ്രവിശ്യകളിലുള്ള നികുതി വർദ്ധിപ്പിച്ചു. ഗവൺമെന്റിന് ജനങ്ങളോടു നേരിട്ടുള്ള ഒരു ബന്ധവും ഉണ്ടാകു ന്നില്ല.

### ഭരണ പരിഷ്കാരങ്ങൾ

കോൺവാലീസ് പ്രഭു ഒരു പുതിയ രാഷ്ട്രീയ ഭരണരീതി കൊണ്ടു വന്നു. ഇന്ത്യയിൽ ബ്രിട്ടീഷ് പ്രദേശങ്ങളുടെ ഭരണം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുവേണ്ടി രാഷ്ട്രീയ സേവകന്മാരെ നിയമിച്ചു. ഭരണത്തെ വളരെ കർശനമാക്കുകയും, ഉദ്യോഗസ്ഥരുടെ പ്രാഗത്ഭ്യത്തിനനുസരിച്ച് ഉദ്യോഗകയറ്റം നൽകുകയുംചെയ് തു. ഉദ്യോഗസ്ഥന്മാർ സ്വകാര്യ വ്യാപാരങ്ങളിൽ ഏർപ്പെടുന്നതിനെ തടുത്തു. ഉന്നത പദവികളെല്ലാം ഇംഗ്ലീഷുകാർക്ക് നൽകിയിരുന്നു. ഇന്ത്യാക്കാർക്കു താഴ്ന്ന പദവികൾ മാത്രമേ നൽകിയിരുന്നുള്ളു.

### പോലീസ് പരിഷ്കരണം

കോൺവാലീസ് പ്രഭു ഇന്ത്യയിൽ ഒരു സ്ഥിര പോലീസ് സേനയെ രൂപീകരിച്ചു. ക്രി.പി.1791-ൽ കൊൽ

ക്കത്തയിൽ ഒരു പോലീസ് കമ്മീഷണറെ നിയമിച്ചു. ജില്ലകളെതാനകൾ ആയി വിഭജിച്ച് ഓരോ താനയേയും ദരോഗായുടെ നിയന്ത്രണത്തിൽ കീഴിൽ കൊണ്ടു വന്നു. പോലീസ് വകുപ്പിലും ഇന്ത്യാക്കാരെ ഉന്നത പദവികളിൽ നിന്നു ഒഴിവാക്കിയിരുന്നു.

### നീതി പരിഷ്ക്കരണം

കോൺവാലീസ് പ്രഭു നീതിന്യായത്തെ പരിഷ്കരിച്ചു. കളക്ടറെ നീതിന്യായ പ്രവർത്തന പരിധിയിൽനിന്നും മാറ്റിയിരുന്നു. അദ്ദേഹത്തിന്റെ ജോലി നികുതി പിരിവ് മാത്രമായിരുന്നു. ജില്ലകൾതോറും സിവിൽ, ക്രിമിനൽ കോടതികൾ സ്ഥാപിച്ചിരുന്നു. ഡാക്ക കൊൽക്കത്ത, മുർഷിദാബാദ്, പാട്ന എന്നിവിടങ്ങളിൽ പ്രാദേശിക അപ്പീൽ കോടതികൾ സ്ഥാപിക്കപ്പെട്ടു. കൈക്കൂലി വാങ്ങുന്നതിനെ തടുക്കുന്നതിനുവേണ്ടി കോൺവാ ലീസ് പ്രഭു ജഡ്ജിമാർക്ക് കൂടുതൽ ശമ്പളം നൽകിയിരുന്നു. അദ്ദേഹം കോടതി ഫീസുകൾ ഒഴിവാക്കി യിരുന്നു. ക്രി.പി.1793-ൽ സർജോർജ് ബാർലോ എന്നയാൾ കോൺവാലീ സ്കോഡ് എന്ന ഒരു പുതിയ നിയമസംഹിത രൂപീക രിച്ചു.

### നികുതി പരിഷ്കരണം

കോൺവാലീസ് പ്രഭു നികുതി വകുപ്പിനെ പരിഷ്കരിച്ചു. ക്രി.പി. 1787-ൽ ബംഗാളിനെ അദ്ദേഹം പല പിരിവുകളായി പിരിച്ച് ഓരോ പിരിവിനേയും ഓരോ കളക്ടറുടെ മേൽ നോട്ടത്തിൽ കൊണ്ടുവന്നു. ഈ കളക്ടർമാരെ മേൽനോട്ടം വഹിക്കുന്നതിനുവേണ്ടി ഒരു റവന്യൂ ബോർഡ് സ്ഥാപിക്കപ്പെട്ടു.

### വാണിജ്യ പരിഷ്കരണം

കോൺവാലീസ് പ്രഭു വാണിജ്യത്തിൽ പുതിയ പരിഷ്കാരങ്ങൾ കൊണ്ടുവന്നു. വ്യാപാരികളോട് നേരിട്ട് ബന്ധപ്പെടുന്ന പഴയ സമ്പ്രദായത്തെ അദ്ദേഹം വീണ്ടും പ്രാബല്യത്തിൽ കൊണ്ടുവന്നു. വാണിജ്യത്തെ പുരോഗമിപ്പിച്ചു.

### ടിപ്പു സുൽത്താൻ

ടിപ്പു സുൽത്താൻ, ഹൈദർ അലിയുടെ മകനായി ക്രി.പി. 1753-ൽ മൈസൂരിൽ ജനിച്ചു. തന്റെ പിതാവിനെപ്പോലെ പ്രഗത്ഭനായ ഒരു ഭരണാധികാരിയായിരുന്നു. അദ്ദേഹം നല്ലൊരു പണ്ഡിതനും, യുദ്ധവീരനുമായിരുന്നു. ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ സാന്നിദ്ധ്യം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. തന്റെ സാമ്രാജ്യത്തെ സംരക്ഷിക്കുന്നതിലേക്കുവേണ്ടി ഡോർഗ്ഗ പോലുള്ള കോട്ടകൾ നിർമ്മിച്ചിരുന്നു. കല, വാസ്തു ശില്പകല എന്നിവയിൽ വളരെ തല്പരനായ ഒരു രാജാവായിരുന്നു.



ടിപ്പു സുൽത്താൻ

### മൂന്നാം മൈസൂർ യുദ്ധം (ക്രി.പി.1790-ക്രി.പി.1792)


ഇംഗ്ലീഷുകാരെ ഇന്ത്യയിൽ നിന്നു വിരട്ടിയിട്ട് തന്റെ നിലയെ ശക്തിപ്പെടുത്താൻ ടിപ്പുസുൽത്താൻ ആഗ്രഹിച്ചു. അതിനുവേണ്ടി തുർക്കി, ഫ്രാൻസ് എന്നീ നാട്ടുകാരുടെ സഹാ

യം തേടി. ടിപ്പുസുൽത്താൻ ഫ്രഞ്ചുകാരുടെ സഹായത്തോടെ ബ്രിട്ടീഷുകാർക്ക് എതിരായി പ്രവൃത്തിക്കുമെന്ന് കോൺവാലീസ് വിശ്വസിച്ചു. അതിനാൽ ടിപ്പു സുൽത്താനെ ഇതിൽ നിന്നു തടുക്കുതന്നതിനുവേണ്ടി ഇംഗ്ലീഷുകാർ നൈസാം, മറാത്തകൾ എന്നിവരോട് സൗഹൃദം സ്ഥാപിച്ചു. ടിപ്പു സുൽത്താൻ ബ്രിട്ടീഷു പ്രദേശമായ തിരുവിതാംകൂറിനെ ആക്രമിച്ചു. അതിനാൽ ബ്രിട്ടീഷുകാർ ക്രി.പി. 1790-ൽ ടിപ്പുവിനെതിരെ യുദ്ധം പ്രഖ്യാപിച്ചു. ശ്രീരംഗപട്ടണത്തുവച്ച് നടന്ന യുദ്ധത്തിൽ ടിപ്പുസുൽത്താൻ പരാജയപ്പെട്ടു.

ക്രി.പി. 1792-ൽ ശ്രീരംഗപട്ടണം ഉടമ്പടി പ്രകാരം മൂന്നാം മൈസൂർ യുദ്ധം അവസാനിച്ചു.

ടിപ്പുസുൽത്താനെ **മൈസൂറിന്റെ പുലി** എന്ന് വിളിക്കുന്നു. അദ്ദേഹത്തിന്റെ സിംഹാസനത്തിലും പട്ടാളക്കാരുടെ യൂണിഫോമിലും കുതിര ചിഹ്നം കൊത്തിവച്ചിരുന്നു. അദ്ദേഹത്തെ മരണാനന്തരം ശ്രീരംഗപട്ടണത്തിൽ അടക്കം ചെയ്തു.

### വെല്ലസ്ലി പ്രഭു (ക്രി.പി.1796-ക്രി.പി.1805)



വെല്ലസ്ലി പ്രഭു

കോൺവാലീസിനുശേഷം സർജോൺഷോർ ഇന്ത്യയുടെ ഗവർണർ ജനറൽ ആയി . ഇദ്ദേഹവും ഇടപ്പെടാതിരിക്കൽ നയം പിൻതുടർന്നു. ഇദ്ദേഹത്തിനു ശേഷം വെല്ലസ്ലി പ്രഭു ഇന്ത്യയുടെ ഗവർണർ ജനറൽ ആയി. ഇദ്ദേഹം സൈനിക സഹായ വ്യവസ്ഥയിലൂടെ ഇന്ത്യൻ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ വിസ്തൃതി വർദ്ധിപ്പിച്ചു.


### സൈനിക സഹായ വ്യവസ്ഥ

ഇന്ത്യൻ നാട്ടു രാജ്യങ്ങളെ ബ്രിട്ടീഷു സാമ്രാജ്യത്തോടുകൂടി ചേർക്കുന്നതിനുവേണ്ടി വെല്ലസ്ലി പ്രഭു സൈനിക സഹായവ്യവസ്ഥ കൊണ്ടു വന്നു.

### സൈനിക സഹായ വ്യവസ്ഥയുടെ പ്രധാന സവിശേഷതകൾ

ഇന്ത്യൻ നാട്ടു രാജാക്കന്മാർ അവരുടെ സംരക്ഷണത്തിനുവേണ്ടി ഓരോ ബ്രിട്ടീഷ് സൈന്യത്തെ തങ്ങളുടെ രാജ്യത്തിൽ വച്ചുകൊള്ളണം. ബ്രിട്ടീഷുകാരുമായി സൈനിക സഹായവ്യവസ്ഥ സ്വീകരിച്ച നാട്ടുരാജാ ക്കന്മാർ പണമോ, ചില പ്രദേശങ്ങളോ സൈന്യങ്ങളുടെ സംരക്ഷണത്തിനു വേണ്ടി ബ്രിട്ടീഷുകാർക്കു വിട്ടുകൊടുക്കേണ്ടതാണ്. സൈനിക സഹായ വ്യവസ്ഥ സ്വീകരിച്ച നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷു കാരുടെ അനുവാദമില്ലാതെ ഏതൊരു രാജാവുമായി ഉടമ്പടി ചെയ്യാൻ പാടില്ല. ഓരോ നാട്ടു രാജാവും ഒരു ബ്രിട്ടീഷ് പ്രതിനിധിയെ തങ്ങളുടെ നാട്ടിൽ പാർപ്പിക്കണം. ഏതെങ്കിലും രാജാക്കന്മാരോട് യുദ്ധം ചെയ്യേണ്ടി വന്നാൽ ബ്രിട്ടീഷുകാരുടെ തീരുമാനത്തെ അംഗീകരിക്കണം ബ്രിട്ടീഷുകാരുടെ മേൽക്കോയ്മ അംഗീകരിക്കുന്നതിന്റെ പ്രതിഫലമായി ബ്രിട്ടീഷുകാർ നാട്ടുരാജാക്കന്മാർക്ക് വിദേശ ആക്രമണങ്ങളിൽ നിന്നും ആഭ്യന്തര കലഹങ്ങളിൽ നിന്നും സംരക്ഷണം നൽകുന്നു.

### വെല്ലസ്ലി പ്രഭുവിന്റെ കീഴിലുള്ള ബ്രിട്ടീഷ് സാമ്രാജ്യം



### നന്മകൾ

ഇന്ത്യൻ നാട്ടുരാജാക്കന്മാരുടെ ചിലവിൽ നല്ല ഒരു സൈന്യ ത്തെ സംരക്ഷിക്കുന്നതിന് സൈനിക സഹായ വ്യവസ്ഥ കൊണ്ട് ബ്രിട്ടീഷുകാർക്കു കഴിഞ്ഞു. ഇംഗ്ലീഷുകാർ ഇന്ത്യയുടെ പരമാധികാരികളായി മാറി. അവർ നാട്ടുരാജ്യങ്ങളുടെ വിദേശനയത്തെ നിയന്ത്രിക്കാൻ തുടങ്ങി. ഇന്ത്യൻ നാട്ടു രാജ്യങ്ങളിൽനിന്നും ഫ്രഞ്ചുകാരുടെ സ്വാധീനം ഇല്ലാതാക്കി. ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ വിസ്തൃതി അധികമായി.

### തിന്മകൾ

നാട്ടുരാജാക്കന്മാരുടെ അന്തസ്സും അഭിമാനവും നഷ്ടമായി. നാട്ടുരാജാക്കന്മാരും ബ്രിട്ടീഷ് ഭരണാധികാരി കളുംജനങ്ങളുടെ ക്ഷേമത്തെ അവഗണിച്ചിരുന്നു.

### സൈനീക സഹായ വ്യവസ്ഥ സ്വീകരിച്ച രാജ്യങ്ങൾ

ആദ്യമായി സൈനീക സഹായ വ്യവസ്ഥ സ്വീകരിച്ചത് ഹൈദ്രാബാദിലെ നൈസാമാണ്. അദ്ദേഹം കടപ്പ , ബെല്ലാറി, അനന്തപൂർ, കർണൂൽ എന്നീ പ്രദേശങ്ങൾ ഇംഗ്ലീഷുകാർക്ക് നൽകി. ഔദിലെ (അയോദ്ധ്യ) നവാബും വെല്ലസ്ലി പ്രഭുവിന്റെ പ്രേരണയാൽ സൈനീക സഹായ വ്യവസ്ഥയിൽ ഒപ്പു വെച്ചു. അദ്ദേഹം തന്റെഅധീനതയിലുള്ള പകുതിയോളം പ്രദേശങ്ങളും റോഹിൽഖണ്ഡ്, ഗോരഖ്പൂർ ,ഗംഗ,യമുന എന്നി നദികൾക്കിടയിലെ ഭൂപ്രദേശം എന്നിവയും ബ്രിട്ടീഷുകാർക്ക് നൽകി. പേഷ്വാ ബാജിറാവു രണ്ടാമനും ഈസഖ്യത്തിൽ ചേർന്നു.

### നാലാം മൈസൂർ യുദ്ധം(1799 കാരണങ്ങൾ

ടിപ്പുസുൽത്താനും ബ്രിട്ടീഷുകാർക്കുമിടയിൽ 1799ൽ നാലാം മൈസൂർ യുദ്ധം നടന്നു. ടിപ്പു സുൽത്താൻ മൂന്നാം മൈസൂർ യുദ്ധത്തിൽ നഷ്ടപ്പെട്ട പ്രദേശങ്ങൾ പിടിച്ചെടുക്കാൻ ആഗ്രഹിക്കുകയും സൈനീക ഹായവ്യവസ്ഥ സ്വീകരിക്കാൻ വിസമ്മതിക്കുകയും ചെയ്തു. ഇംഗ്ലീഷുകാരോട് പ്രതികാരം ചെയ്യാൻ ടിപ്പു ആഗ്രഹിച്ചു. ബ്രിട്ടീഷുകാരോട് യുദ്ധം ചെയ്യാൻ സഹായത്തിനായി കാബൂൾ കോൺസ്റ്റാൻിനോപ്പിൾ, അറേബ്യ, ഫ്രാൻസ് എന്നിവിടങ്ങളിലേക്ക് ദൂതന്മാരെ അയച്ചു. അതിനാൽ ടിപ്പുവിനും ഇംഗ്ലീഷുകാർക്കുമിടയിൽ യുദ്ധം അനിവാര്യമായി. 1799 മേയ് 4-ാം തീയതി തന്റെ തലസ്ഥാനമായ ശ്രീരംഗപട്ടണത്തെ ബ്രിട്ടീഷുകാരിൽനിന്നും പ്രതിരോധിക്കുമ്പോൾ മലവള്ളി എന്ന സ്ഥലത്തുവെച്ച്മരണമടഞ്ഞു. 1779 - ൽ യുദ്ധം അവസാനിച്ചു.

### ഫലങ്ങൾ

കാനറ, കോയമ്പത്തൂർ ശ്രീരംഗപട്ടണം തുടങ്ങിയ പ്രദേശങ്ങൾ ബ്രിട്ടീഷികാർ തങ്ങളുടെ സാമ്രാജ്യത്തോട് ചേർത്തു. മൈസൂറിന്റെ ചെറിയൊരു ഭാഗം കൃഷ്ണ മൂന്നാമന് വിട്ടുകൊടുത്തു. ഹൈദരലി മൈസൂർ ആക്രമിച്ചു കീഴടക്കിയപ്പോൾ മൈസൂറിലുണ്ടായിരുന്ന ഒരു ഹൈന്ദവ പ്രഭുകുടുംബത്തിലെഅംഗമാണ് കൃഷ്ണമൂന്നാമൻ. ടിപ്പുവിന്റെ കുടുംബാംഗങ്ങളെ വെല്ലൂർ കോട്ടയിലേക്ക് മാറ്റി.

ഈ യുദ്ധത്തോടെ മൈസൂറിൽ മുസ്ലീം ഭരണം അവസാനിക്കുകയും ദക്ഷിണേന്ത്യയിൽ ബ്രിട്ടീഷാധിപത്യം ശക്തിപ്പെടുകയും ചെയ്തു.

**രണ്ടാം മറാത്ത യുദ്ധം (1803**

പേഷ്വാ ബാജിറാവു രണ്ടാമൻ 1802-ൽ ബസ്സീൻ ഉടമ്പടി പ്രകാരം ബ്രിട്ടീഷുകാരുടെ സൈനീക സഹായ വ്യവസ്ഥ സ്വീകരിച്ചു. മറാത്ത നേതാക്കന്മാരായ സിന്ധ്യ,ബോൺസ്ലെ എന്നിവർ ഈ ഉടമ്പടി അംഗീകരിക്കാൻ വിസമ്മതിച്ചു. അതിനാൽഅവർ ബ്രിട്ടീഷുകാർക്കെതിരെ ഒന്നിച്ച് അണിനിരന്നു ആക്രമണം നടത്തി .

1803-ൽ ആർതർ വെല്ലസ്ലി മറാത്തകളെ പരാജയപ്പെടുത്തി. തൽഫലമായി മറാത്തകളുടെ ശക്തി ക്ഷയിക്കുകയും ബ്രിട്ടീഷ് പരമാധികാരംപൂർണ്ണമായി സ്ഥാപിക്കപ്പെടുകയും ചെയ്തു.

**സംഗ്രഹം**

ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിയിലെ പ്രഗത്ഭരായ ഗവർണർ ജനറൽമാരിൽ ഒരാളാണ് വെല്ലസ്ലി. ഇദ്ദേഹം ടിപ്പുസുൽത്താനെ പരാജയപ്പെടുത്തുകയും മറാത്തക്കാരുടെ ശക്തി ക്ഷയിപ്പിക്കുകയും ചെയ്തു. ഒരു കച്ചവടക്കമ്പനിയായിരുന്ന ഇംഗ്ലീഷ് ഈസ്റ്റിന്ത്യാക്കമ്പനിയെ ഇന്ത്യയുടെ പ്രബലമായ ഒരു രാഷ്ട്രീയ ശക്തിയാക്കി മാറ്റി.

## അഭ്യാസം

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. കോൺവാലീസ് പ്രഭു ബംഗാളിലെ ഗവർണറായത ________ലാണ്

   അ) ക്രി.പി. 1786    ആ) ക്രി.പി.1787    ഭു)ക്രി.പി. 1788

2. മൂന്നാം മൈസൂർ യുദ്ധത്തിൽ ടിപ്പുസുൽത്താൻ തെക്കേ ഇന്ത്യയിലെ________ഹിന്ദു രാജ്യമായനെ ആക്രമിച്ചു.

   അ) ഔദ്    ആ) തിരുവിതാംകൂർ    ഇ)കർണ്ണാടക

3. ഇന്ത്യൻ സിവൾ സർവ്വീസിന്റെ പിതാവ് എന്നറിയപ്പെടുന്നത് _______.

   അ) ജോൺഷോർ    ആ) കോൺവാലീസ്    ഇ).വെല്ലസ്ലി

4. നാലാം മൈസൂർ യുദ്ധം നടന്ന വർഷം________.

   അ) 1779    ആ) 1789    ഇ)1799

**II. യോജിപ്പിക്കുക**

| | | |
|---|---|---|
| 1. സ്ഥിരഭൂനികുതിവ്യവസ്ഥ | - | വെല്ലസ്ലിപ്രഭു |
| 2. സൈനീക സഹായ വ്യവസ്ഥ | - | ശ്രീരംഗപട്ടണ ഉടമ്പടി |
| 3. സർജോൺഷോർ | - | കോൺവാലീസ് പ്രഭു |
| 4. മൂന്നാം മൈസൂർ യുദ്ധം | - | ഇടപ്പെടാതിരിക്കൽ നയം |

## III. പൂരിപ്പിക്കുക

1. സ്ഥിരഭൂനികുതി സമ്പ്രദായം ഏർപ്പെടുത്തിയത് ________ വർഷത്തിലാണ്
2. ഇന്ത്യയിൽ ഒരു സ്ഥിര പോലീസ് സൈന്യത്തെ ________ രൂപീകരിച്ചു.
3. കോൺവേലീസ് കോഡ് എന്ന പുതിയ നിയമ സംഹിത എഴുതി ഉണ്ടാക്കിയത് __________ ആണ്.
4. വെല്ലസ്ലി പ്രഭു ഗവർണർ ജനറൽ ആയത് __________ വർഷമാണ്

## IV. ഒറ്റവാക്കിലുത്തരമെഴുതുക

1. സ്ഥിരഭുനികുതി സമ്പ്രദായത്താൽ കൂടുതൽ ബാധിക്കപ്പെട്ടവർ ആര് ?
2. വെല്ലസ്ലി പിൻ തുടർന്ന സമ്പ്രദായം ഏത് ?
3. സൈനിക സഹായ വ്യവസ്ഥ സ്വീകരിച്ച ഒന്നാമത്തെ ഇന്ത്യൻ രാജാവാര് ?

## V. ചുരുക്കത്തിലുത്തരമെഴുതുക.

1. കോൺവാലീസ്പ്രഭു നീതി വ്യവസ്ഥയെ പുരോഗമിപ്പിച്ചതെങ്ങനെ?
2. നാലാം മൈസൂർ യുദ്ധത്തിന്റെ ഫലങ്ങൾ എന്തെല്ലാം?
3. ടിപ്പു സുൽത്താനെക്കുറിച്ചെഴുതുക.

## VI. വിശദീകരിക്കുക.

1. കോൺവാലീസ് പ്രഭുവിന്റെ പരിഷ്കാരങ്ങളെ കുറിച്ച് വിവരിക്കുക.
2. കോൺവാലീസ് പ്രഭുവിന്റെ സ്ഥിരഭൂനികുതി സമ്പ്രദായത്തെ വിവരിക്കുക.
3. വെല്ലസ്ലി പ്രഭുവിന്റെ സൈനിക സഹായ വ്യവസ്ഥയേയും അതിന്റെ നന്മകളേയും തിന്മകളേയും പ്രതിപാദിക്കുക.

## പ്രയോഗികാഭ്യാസം

1. ഇന്ത്യൻ സിവിൽ സർവ്വീസിനെ ബ്രിട്ടീഷ് ഭരണത്തിൻെറനട്ടെല്ല് എന്നറിയപ്പെടുന്നു. ഇന്ത്യൻ സിവിൽ സർവ്വീസിൻെറ ആരംഭം മുതൽ ഇന്നത്തെഇന്ത്യൻഅഡ്മിനിസട്രേറ്റീവ് സർവ്വീസ് വരെയുള്ള അതിൻെറ വളർച്ചയെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക.

2. തന്നിട്ടുള്ള ഇന്ത്യാ ഭൂപടത്തിൽ വെല്ലസ്ലി പ്രഭുവിന്റെ സാമ്രാജ്യ വിസ്തൃതിയെ അടയാളപ്പെടുത്തുക.

## രൂപീകരണ മൂല്യനിർണ്ണയം

1. കോൺവാലീസ് ഭരണപരിഷ്ക്കാരങ്ങളെപ്പറ്റിയുള്ള വിവരച്ചുരുൾ തയ്യാറാക്കുക.
2. ടിപ്പു സുൽത്താൻ മൈസൂരിൻ പുലി" – ഒരു കുറിപ്പെഴുതുക
3. നാല് മൈസൂർ യുദ്ധങ്ങൾ – പട്ടിക തയ്യാറാക്കുക.

| യുദ്ധം | വർഷം | കാരണങ്ങൾ | സംഭവങ്ങൾ | ഉടമ്പടി | ഫലങ്ങൾ |
|---|---|---|---|---|---|
| | | | | | |

4. സംവാദം

   സൈനിക സഹായവ്യവസ്ഥ ഇന്ത്യൻ നാട്ടുരാജാക്കന്മാരുടെ സ്വതന്ത്രമായ നിലനിൽപിനെ തകർത്തു – സംവദിക്കുക.

5. 17-ാം നൂറ്റാണ്ടു മുതൽ 20-ാം നൂറ്റാണ്ടു വരെയുള്ള ബ്രിട്ടീഷ് ഭരണത്തിൻെറ വികാസത്തെക്കുറിച്ചെഴുതുക.

   വാണിജ്യത്തിനായി ഇന്ത്യയിലെ പ്രവേശനം

   ചിലവാണിജ്യകേന്ദ്രങ്ങളും പണ്ടികശാലകളും ഏർപ്പെടുത്തൽ

   ഇന്ത്യൻ നാട്ടുരാജ്യങ്ങളിൻമേലുള്ള നിയന്ത്രണം.

   ഇന്ത്യയിൽ പൂർണ്ണമായ ആധിപത്യം ഏർപ്പെടുത്തൽ

   മുകളിൽ പറഞ്ഞിട്ടുള്ള ഓരോ വസ്തുതകളെക്കുറിച്ചും ചില വാക്യങ്ങൾ എഴുതുക.

## 3. ഹേസ്റ്റിംഗ്സ് പ്രഭു (ക്രി.പി. 1813-ക്രി.പി. 1823)

വെല്ലസ്ലി പ്രഭുവിനുശേഷം ഹേസ്റ്റിംഗ്സ് പ്രഭു ഇന്ത്യയുടെ ഗവർണർ ജനറൽ ആയി. വെല്ലസ്ലി പ്രഭു ഇന്ത്യയിൽ തുടങ്ങിവച്ച ജോലി കളെല്ലാം ഇദ്ദേഹം പൂർത്തിയാക്കി. ഇദ്ദേഹം ഗവർണർ ജനറൽ ആയ സമയത്ത് നേപ്പാളിലെ ഗൂർഖകൾ, പിണ്ഡാരികൾ, മറാത്ത പ്രമുഖന്മാർ തുടങ്ങിയവർ ബ്രിട്ടീഷുകാരെ ഇന്ത്യയിൽ നിന്ന് തുരത്തു ന്നതിനു വേണ്ടി പരിശ്രമിച്ചു കൊണ്ടിരുന്നു. എന്നാൽ ഹേസ്റ്റിംഗ്സ് പ്രഭു ധൈര്യ പൂർവ്വം ഈ പ്രശ്നങ്ങളെ അഭിമുഖീ കരിക്കുകയും ഇംഗ്ലീഷു കാരെ ഇന്ത്യയിലെ അജയ്യ ശക്തിയാക്കി തീർക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ കാലത്ത് ക്രി.പി. 1813-ൽ ബ്രിട്ടീഷ് ഗവൺ മന്റ് ചാർട്ടർ നിയമം പാസ്സാക്കി.

### 1813-ലെ ചാർട്ടർ നിയമത്തിന്റെ വ്യവസ്ഥകൾ

1813-ലെ ഈസ്റ്റിന്ത്യാ കമ്പനിയുടെ വാണിജ്യാവകാശത്തെ അടുത്ത ഇരുപത് വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു. ഇന്ത്യയുമായി വാണിജ്യം നടത്തുന്നതിനുള്ള കമ്പനിയുടെ വിദ്യാഭ്യാസ പുരോഗ തിക്കു വേണ്ടി ഓരോ വർഷവും ബ്രിട്ടീഷ് ഗവൺമെന്റ് ഒരു ലക്ഷം രൂപ അനുവദിച്ചു. ഇന്ത്യയിൽ യൂറോപ്യ ന്മാരുടെ ക്ഷേമത്തെ സംര ക്ഷിക്കുന്നതി നുവേണ്ടി ഒരു ബിഷപ്പി നേയും മൂന്നു ആർച്ച് ബിഷപ്പു മാരേയും നിയമിക്കു ന്നതിന് നിബന്ധനയുണ്ടാക്കി. ബ്രിട്ടീഷ് വ്യാപാരികളും, മിഷനറി മാരും നിയന്ത്രണ സമിതിയുടെ ലൈസൻസോടെ ഇന്ത്യയിൽ താമ സിച്ചു കൊള്ളാൻ അനുവദിച്ചു.

### ചാർട്ടർ നിയമത്തിന്റെ പ്രാധാന്യം.

ഈസ്റ്റിന്ത്യാ കമ്പനിയുടെ ഇന്ത്യയുമായുള്ള വാണിജ്യ ഏകാ ധിപത്യം അവസാനിച്ചു. ക്രസ്ത്യൻ മിഷനറിമാർ ഇന്ത്യയിൽ ക്രിസ്തു മതം പ്രചരിപ്പിച്ചു. കൂടാതെ ഇന്ത്യയിൽ പാശ്ചാത്യ വിദ്യാഭ്യാസം നിലവിൽ വന്നു.

### ഗൂർഖായുദ്ധം ക്രി.പി. 1814-ക്രി.പി. 1816

ഗൂർഖകൾ ഇന്ത്യയിൽ ബ്രിട്ടീ ഷുകാർക്ക് ഒരു വെല്ലുവിളിയായിരുന്നു. ക്രി.പി. 1814-ൽ അവർ ഷിയോറജ് (Sheoroj) ബട്ട്വാൾ എന്നീ പ്രദേശങ്ങള പിടിച്ചെടുത്തു. ബ്രിട്ടീ ഷുകാർ ഇതിനെ ഒരു വെല്ലുവിളിയായി കാണുകയും, ഗൂർഖകൾക്കെതിരെ യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. ബ്രിട്ടീഷുകാർ ഗൂർഖാ തലവനായ അമർസിംഗിനെ പരാജയപ്പെടുത്തി. ക്രി.പി. 1816-ൽ ഗൂർഖകൾ ബ്രിട്ടീ ഷുകാരുമായി സിഗൗലി ഉടമ്പടിയിൽ ഒപ്പുവയ്ക്കാൻ നിർബന്ധിതരായി. അങ്ങനെ ഗൂർഖായുദ്ധം അവസാനിച്ചു.

### പിണ്ഡാരി യുദ്ധം ക്രി.പി. 1816-ക്രി.പി. 1818

മദ്ധ്യഏഷ്യയിൽ ജീവിച്ചിരുന്ന ഒരു കൊള്ള സംഘമാണ് പിണ്ഡാ രികൾ. അവരുടെ പ്രധാനപ്പെട്ട നേതാ ക്കന്മാർ അമീർഖാൻ, വാസിൽ മുഹമ്മദ്, കരീംഖാൻ, ചേട്ടു എന്നിവ രായിരുന്നു. പിണ്ഡാരികളെ അമർച്ച ചെയ്യുന്നതിനുവേണ്ടി ഹേസ്റ്റിംഗ്സ് പ്രഭു ഒരു വലിയ സൈന്യത്തെ അയച്ചു. അങ്ങനെ മദ്ധ്യ ഏഷ്യയിലെ ജനങ്ങളെ പിണ്ഡാരികളുടെ ശല്യത്തിൽ നിന്നും സംരക്ഷിച്ചു.

## മൂന്നാം മറാത്തായുദ്ധം (ക്രി.പി. 1817-ക്രി.പി. 1818)

ബ്രിട്ടീഷുകാരുടെ വളർച്ചയിൽ മറാത്തകൾ അസൂയാലുക്കളായി. പേഷ്വാ ബാജിറാവു രണ്ടാമൻ ബ്രിട്ടീഷുകാർക്കെതിരെ മറാത്താ നേതാക്കന്മാരുടെ ഒരു സംഘടന രൂപീകരിച്ചു. ക്രി.പി. 1817-ൽ ബ്രിട്ടീഷുകാരുടെ ആസ്ഥാനമായ പൂനെയെ പേഷ്വാ ആക്രമിച്ചു. ഇത് മൂന്നാം മറാത്തയുദ്ധത്തിന് കാരണമായി. ഈ യുദ്ധത്തിൽ മറാത്തകൾ പൂർണ്ണമായി പരാജയപ്പെട്ടു.

## ഫലങ്ങൾ

ഈ യുദ്ധത്തിനുശേഷം പേഷ്വാപദവി അവസാനിപ്പിച്ചു. പേഷ്വാ ബാജിറാവു രണ്ടാമന് 8 ലക്ഷം രൂപ വാർഷിക പെൻഷനായി നൽകി. സതാറാ എന്ന ചെറിയൊരു രാജ്യം രൂപീകരിക്കപ്പടുകയും ഛത്രപതി ശിവജിയുടെ പിൻഗാമികളിൽ ഒരാളായ പ്രതാപ്സംഗിനെ അവിടത്തെ രാജാവാക്കുകയും ചെയ്തു. അങ്ങനെ മറാത്തകളുടെ ശക്തിക്ഷയിച്ചു. ബ്രിട്ടീഷുകാർ ഇന്ത്യയുടെ പരമോന്നത ശക്തികളായി മാറി.

## ഹേസ്റ്റിംഗ്സിന്റെ പരിഷ്കാരങ്ങൾ

കുടിയാന്മാരുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഹേസ്റ്റിംഗ്സ് പ്രഭു ബംഗാൾ കുടിയായ്മനിയമം ക്രി.പി. 1822-ൽ പാസാക്കി. ജനങ്ങളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പരിശ്രമിച്ചു. ക്രി.പി. 1817-ൽ ഇംഗ്ലീഷു ഭാഷയെ പുരോഗമിപ്പിക്കുന്നതിനുവേണ്ടി കൊൽക്കത്തയിൽ ഒരുകോളേജ് സ്ഥാപിച്ചു.വാർത്താമാധ്യമങ്ങൾക്കുള്ള നിയന്ത്രണങ്ങളെ എടുത്തു കളഞ്ഞു.ആദ്യത്തെ പ്രാദേശിക പത്രമായ സമാചാർപത്രിക പ്രസിദ്ധീകരിച്ചു. ഭരണത്തിൽ ഇന്ത്യാക്കാരെ ഉന്നത പദവികളിൽ നിയമിച്ചു.

മദ്രാസ് പ്രസിഡൻസിയിൽ നികുതി പിരിവിൽ റയത്വാരി സമ്പ്രദായം കൊണ്ടുവന്നു. ഇത് ബ്രിട്ടീഷുകാർക്കും നികുതി പിരിവുകാർക്കുമിടയിൽ ഒരു ബന്ധത്തെ ഏർപ്പെടുത്തി. ഈ സമ്പ്രദായം റയത്തുകൾ കൃത്യമായി നികുതി ചെലുത്തുന്നിടത്തോളം കാലം അവർ നിലത്തിന്റെ ഉടമസ്ഥന്മാരായി തുടർന്നു.

ഇങ്ങനെ ഹേസ്റ്റിംഗ് പ്രഭു ജനങ്ങളുടെ നന്മക്കായി പല പരിഷ്ക്കാരങ്ങൾ മൂലം നല്ല ഭരണം കാഴ്ച വച്ചു.

### അഭ്യാസം

**I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. ഹേസ്റ്റിംഗ്സ് പ്രഭു തുടങ്ങിവച്ച ജോലികളെ __________ പൂർത്തീകരിച്ചു.

   അ, വാറൻഹേസ്റ്റിംഗ്സ് ആ, വെല്ലസ്ലി ഇ, മിന്റോ

2. ചാർട്ടർ നിയമം പാസാക്കപ്പെട്ടത് __________ വർഷത്തിലാണ്.

   അ, 1813 ആ, 1814 ഇ,1815

3. നാലാം മറാത്തയുദ്ധം ആരംഭിച്ചവർഷം_________ .

അ, 1817 ആ, 1819 ഇ, 1870

4. ഹേസ്റ്റിംഗ്സ് പ്രഭുവിന്റെ കാലത്ത്നിലനികുതി സമ്പ്രദായം കൊണ്ടുവരപ്പെട്ടു.

അ, മഹൽവാരി ആ, റയ്തവാരി ഇ, സ്ഥിരമായ

## II. പൂരിപ്പിക്കുക

1. ബംഗാൾ കൂടിയായ്മ നിയമം പാസാക്കിയ_________ആണ്

2. ഗൂർഖകളും, ഇഗ്ലീഷുകാരും തമ്മിലുള്ള യുദ്ധം_____ ഉടമ്പടി പ്രകാരം അവസാനിച്ചു.

3. ക്രി.പി. 1813-ലെ ചാർട്ടർ നിയമം മിഷനറിമാരെ ഇന്ത്യയിൽ _____മതം പ്രചരിപ്പിക്കുന്നതിന് അനുവദിച്ചു.

4. ഗൂർഖകൾ________എന്ന സ്ഥലത്ത് ജീവിച്ചിരുന്നവരാണ്.

## III. യോജിപ്പിക്കുക

1. അമർസിംഗ് - പിണ്ഡാരി തലവൻ

2. ഹേസ്റ്റിംഗ്സ്പ്രഭു - നേപ്പാളിന്റെ തലസ്ഥാനം

3. അമീർഖാൻ - ഗൂർഖാതലവൻ

4. കാത്മണ്ഡു - ഗവർണർ ജനറൽ

## IV. ഒറ്റവാക്കിലുത്തരമെഴുതുക

1. സതാറാ രാജ്യത്തെ ആർക്കാണ് നൽകിയത് ?

2. ഹേസ്റ്റിംഗ്സ് പ്രഭുവിന്റെ കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട ആദ്യത്തെ പ്രാദേശിക പത്രമേത് ?

3. ബ്രിട്ടീഷ് മിഷനറിമാരെ ഇന്ത്യയിൽ താമസിക്കുന്നതിന് അനുവദിച്ച നിയമമേത്?

## V. ചുരുക്കത്തിലുത്തരമെഴുതുക

1. ഗൂർഖാ യുദ്ധത്തിന്റെ കാരണങ്ങളെന്തെല്ലാം ?

2. മൂന്നാം മറാത്തായുദ്ധത്തിന്റെ ഫലങ്ങൾ എന്തെല്ലാം ?

3. ഹേസ്റ്റിംഗ്സിന്റെ പരിഷ്ക്കാരങ്ങളെ കുറിച്ച് ചെറു കുറിപ്പെഴുതുക ?

## VI. വിശദമായ ഉത്തരമെഴുതുക.

1. 1813-ലെ ചാർട്ടർ നിയമത്തെ കുറിച്ച് വിശദീകരിക്കുക ?

2. ഹേസ്റ്റിംഗ്സ് പ്രഭു നടത്തിയ യുദ്ധങ്ങളെ വിശദീകരിക്കുക ?

## രൂപീകരണ മൂല്യനിർണ്ണയം

1. പരസ്പരം ചർച്ച ചെയ്യൽ

   1813 –ാം ചാർട്ടർ നിയമത്തിന്റെ പ്രത്യേകതകളെപ്പറ്റി ക്ലാസിൽ ചർച്ച ചെയ്യുക.

2. പട്ടികയാക്കൽ

   സ്ഥിരമായ നിലനികുതി സമ്പ്രദായത്തിനും റയ്തവാരി സമ്പ്രദായത്തിനും ഉള്ള വ്യത്യാസങ്ങളെ പട്ടികയാക്കുക

3. കുറിപ്പെഴുതുക

   1813–ാം ചാർട്ടർ നിയമം ഇന്ത്യൻ വിദ്യാഭ്യാസ വളർച്ചയുടെ ആദ്യഘട്ടം – കുറിപ്പെഴുതുക.

## പ്രാഥമിക പ്രവർത്തനം തൊഴിൽ II
### 1. കൃഷി

പുരാതന നാഗരികതകളെല്ലാം വലിയ നദീതടങ്ങളിലാണ് വളർച്ച പ്രാപിച്ചത്. കൃഷിയുടെ വികാസം നാഗരികതയുടെ വളർച്ചയ്ക്ക് കാരണമായി. കൃഷി ഒരു പ്രധാനപ്പെട്ട പ്രാഥ മിക പ്രവർത്തനമായിരുന്നു. ഇവിടെ മനുഷ്യൻ പ്രകൃതിയിൽ നിന്നും നേരിട്ട് സംഭരിക്കാതെ പ്രകൃതിയിൽ ജോലിചെയ്ത് തന്റെ ഭക്ഷണ പദാർത്ഥങ്ങളെ ഉല്പാദിപ്പിച്ചു. ധാന്യങ്ങളേയും വൃക്ഷങ്ങളേയും വളർത്തുന്ന രീതിയാണിത്. നിലമൊരുക്കൽ, വിത്തുവിതയ്ക്കൽ, ജലസേചനം, വളർന്നുവരുന്ന ജനസംഖ്യയ്ക്കനുയോജ്യമായ ഭക്ഷ്യധാന്യ ങ്ങളുടെ ഉല്പാദനം എന്നിവ കൃഷിയിൽ ഉൾപ്പെടുന്നു.

| നദീതടസമതലം | നാഗരീകത | ഭൂഖണ്ഡം |
|---|---|---|
| സിന്ധു | ഹാരപ്പ, മോഹഞ്ചദാരോ | ഏഷ്യ |
| നൈൽ | ഈജിപ്ത് | ആഫ്രിക്ക |
| യൂഫ്രട്ടീസ് | മെസപെട്ടോമിയ | ഏഷ്യ |
| മഞ്ഞനദി | ചൈന | ഏഷ്യ |

കാർഷിക വിളവുകളെ ഭഷ്യ വിളവുകൾ എന്നു നാണ്യ വിളവുകൾ എന്നും രണ്ടായി തിരിക്കാം. ഭക്ഷ്യവിളവുകളെ ഉപജീവന വിളവുകളായും വാണിജ്യ വിളവുകളായും കൃഷിചെയ്യുന്നു. (ഉദാ: അരി, ഗോതമ്പ്, പഞ്ഞപ്പുല്ല്, കൂവരക്, ചോളം) നാണ്യ വിളവുകളെ ഭക്ഷണത്തിന് ഉപയോഗിക്കുന്നില്ല.എന്നാൽ അവയെ പല വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്നു.

(ഉദാ: റബ്ബർ, സിങ്കോണ, പരുത്തി എന്നിവ)

### കൃഷിയെ നിർണ്ണയിക്കുന്ന ഭൂമിശാസ്ത്രഘടകങ്ങൾ

കാലാവസ്ഥ, മണ്ണിനങ്ങൾ, ഭൂഘടന, ജലലഭ്യത, തൊഴിലാളികൾ എന്നിവ കൃഷിയെ നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങളാണ്.

### 1. കാലാവസ്ഥ

താപനില, മഴ എന്നീ പ്രകൃതി ഘടകങ്ങൾ കൃഷിയെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്.

#### അ. താപനില

$6^{\circ}C$ നു താഴെ താപനിലയിൽ സസ്യങ്ങൾക്ക് വളരാൻ സാധിക്കുന്നില്ല. വ്യത്യസ്ത തരം സസ്യങ്ങൾ വ്യത്യ സ്ത ഭൂപ്രകൃതിയിൽ വളരുന്നു.

ഉദാഹരണത്തിന് നെല്ല് ഉഷ്ണമണ്ഡലത്തിൽ വിളയുന്ന പ്രധാന സസ്യമാണ്. കാരണം അധിക താപവും, അധികം ജലവും നെൽച്ചെടിക്ക് ആവശ്യമാണ്. ഗോതമ്പ് ഒരു മിതോ ഷ്ണമണ്ഡല സസ്യമാണ്. ഗോതമ്പ് വിളയുന്നതിന് തണുത്ത കാലാ വസ്ഥ ആവശ്യമാണ്.

ഉയരം താപനിലയെ ബാധിക്കുന്നതിനാൽ അത് കൃഷിയെയും ബാധിക്കുന്നു. ഉയരം അധികമുള്ള ഉഷ്ണമണ്ഡലപ്രദേശങ്ങളിൽ താപമിതോഷ്ണ വിളവായ കാരറ്റ് (carrot) കൃഷിചെയ്യുന്നു.

വ്യത്യസ്ത വിളവുകൾക്ക് വളർച്ച പ്രാപിക്കാൻ വ്യത്യസ്ത കാലാവസ്ഥയാണ് ആവശ്യം. പരുത്തിപോലുള്ള സസ്യങ്ങളുടെ വളർച്ചയ്ക്ക് മഞ്ഞുപൊഴിയാത്ത 200 ദിവസത്തോളം വേണം. ആയതിനാൽ അവ അധിക താപനില അനുഭവപ്പെടുന്ന കാലങ്ങളിൽ കൃഷിചെയ്യുന്നു.

### ആ) മഴ

കാറ്റിലുള്ള ഈർപ്പം ആ പ്രദേശത്തു വളരുന്ന സസ്യങ്ങളേയും അവ വളരുന്നതിനനുയോജ്യമായ കാലത്തിനേയും നിർണ്ണയിക്കുന്നു. കാലവർഷം എന്നത് വളരെ പ്രാധാന്യമുള്ള ഒന്നാണ്. സസ്യങ്ങൾ വളരുന്നതിന് അധികമായ മഴ ആവശ്യ മാണ് എന്നാൽ കാലാകാലങ്ങളിൽ ലഭിച്ചില്ലങ്കിൽ അത് സസ്യങ്ങളുടെ വളർച്ചയെ പലതരത്തിലും ബാധിക്കുന്നു. ഓരോ സസ്യങ്ങൾക്കും അതിന്റെ വളർച്ചയുടെ വ്യത്യസ്ത ഘട്ടങ്ങളിൽ ജലം ആവശ്യമായതിനാൽ മഴ പെയ്യുന്നതിലുണ്ടാകുന്ന മാറ്റം സസ്യങ്ങളേയും ബാധിക്കുന്നു. അതിനാൽ കാലാവസ്ഥയ്ക്ക് അനുയോജ്യമായ മഴ പ്രാധാന്യമേറിയതാണെന്ന് മനസ്സി ലാക്കാം. ഉദാഹരണത്തിന് കാപ്പി വിളവെടുക്കുന്നതിന് മുമ്പും വിളവെടുക്കുന്ന സമയത്തും വരണ്ട കാലാവസ്ഥയാണാവശ്യം. എന്നാൽ ചോളകൃഷിയ്ക്ക് മഴ ആവശ്യമാണ്.

ഒരു പ്രത്യേക പ്രദേശത്ത് വിളയുന്ന ധാന്യത്തിന്റെ അളവിനെ നിർണ്ണയിക്കുന്നത് അവിടെ പെയ്യുന്ന മഴയുടെ അളവാണ്.നെൽച്ചെടിഅധികംമഴപെയ്യുന്ന പ്രദേശങ്ങളിലും ,തിനവർഗ്ഗങ്ങൾ വരണ്ടപ്രദേശങ്ങളിലും വിളയിക്കുന്നു.

### ധാന്യങ്ങൾ കൃഷി ചെയ്യുന്ന രീതികൾ

#### ഏക സസ്യകൃഷി

കൃഷിസ്ഥലത്ത് ഒരേ ഒരു വിളവുമാത്രം ഒരു പ്രാവശ്യം വിളയിച്ചാൽ അതിനെ ഏകസസ്യകൃഷി എന്നുപറയുന്നു.

#### ബഹു സസ്യ കൃഷി

രണ്ടോ അധിലധികമോ സസ്യങ്ങൾ ഒരു നിലത്തിൽ ഒരേ സമയത്ത് കൃഷിചെയ്താൽ അതിനെ ബഹുസസ്യകൃഷി എന്നു പറയുന്നു. (ഉദാഹരണത്തിന് ഹിമാലയത്തിന്റെ ഗാർവാൾ പ്രദേശത്ത് ഒരു സ്ഥലത്ത് പന്ത്രണ്ടോ അതിലധികമോ സസ്യങ്ങൾ ഒരേ സമയത്ത് കൃഷിചെയ്യുന്നു. പലതരം പയർ വർഗ്ഗങ്ങൾ, ബീൻസ്, പരിപ്പുവകകൾ, തിനവർഗ്ഗങ്ങൾ എന്നിവ കൃഷിചെയ്ത് ഓരോ വിളവിന്റെയും അനുയോജ്യമായ കാലത്ത് കൊയ്ത്ത് നടത്തുന്നു.

### 2. ജലസേചനം

മഴ കുറവായി പെയ്യുന്ന സ്ഥലങ്ങളിൽ കൃഷിക്ക് ജലസേചനം ആവശ്യമായി വരുന്നു.

#### ജലസേചന തരങ്ങൾ

#### തോട് ജലസേചനം



ചിത്രം- 1 തോട് ജലസേചനം

തോടുകളിൽ നിന്നും വയലി ലേയ്ക്ക് വെള്ളം കൊണ്ടു പോകുന്ന രീതിയെ തോട് ജലസേചനം എന്നു പറയുന്നു. (ചിത്രം 1)

### ചാറ്റൽ ജലസേചനം

വിളനിലങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള യന്ത്രം മുഖേന ജലം തളിക്കുന്ന



ചിത്രം- 2 ചാറ്റൽ ജലസേജനം

രീതിയെ ചാറ്റൽ ജലസേചനം എന്നു പറയുന്നു (ചിത്രം 2)

### ഭ്രമണകേന്ദ്ര ജലസേചനം

ഭ്രമണ കേന്ദ്രത്തെ ആധാരമാക്കിക്കൊണ്ട് വൃത്തികൃതിയിൽ വെള്ളം നനയ്ക്കുന്ന രീതിയ്ക്ക് ഭ്രമണ കേന്ദ്ര ജലസേചനം എന്നു പറയുന്നു . ആയതിനാൽ നാം മുകളിൽ നിന്നും



ചിത്രം 3 -ഭ്രമണകേന്ദ്ര ജലസേചനം

നോക്കുമ്പോൾ ചെടികൾ വൃത്താകൃതിയിൽ കൃഷി ചെയ്തിരിക്കുന്നത് കാണാം.(ചിത്രം 3)

### തുള്ളി ജലസേചനം

തുള്ളി ജലസേചന രീതിയിൽ ജലത്തെ തുള്ളി തുള്ളിയായി ചെടിയുടെ വേരിൽ നേരിട്ട് അല്ലെങ്കിൽ അതിനരികിലോ തളിക്കുന്നു. (ചിത്രം 4)



ചിത്രം 4

### 3. ഭൂപ്രകൃതി സവിശേഷതകൾ

മലകൾ, പീഠഭൂമികൾ, സമതലങ്ങൾ എന്നിവ പ്രധാന ഭൂപ്രകൃതീ ഘടകങ്ങളാണ്. അതിൽ വണ്ടൽ മണ്ണ് നിറഞ്ഞ സമതലങ്ങൾ കൃഷിക്ക് അനുയോജ്യമാണ്. ലോകത്തിലെ സമതലങ്ങളിൽ അധിക അളവിൽ കൃഷി സ്ഥലങ്ങൾ കാണപ്പെടുന്നു. ഉദാഹരണമായി വടക്കേ ഇന്ത്യയിലെ ഗംഗാസമതലം

### 4. മണ്ണിനങ്ങൾ

ഒരു പ്രദേശത്തെ കൃഷി അവിടെയുള്ള മണ്ണിനെ ആശ്രയിച്ചിരിക്കുന്നു. കൃഷിക്കേറ്റവും അനുയോജ്യമായത് എക്കൽമണ്ണാണ്. കളിമണ്ണ് കലർന്ന മണ്ണിന് ഈർപ്പം നിലനിർത്താൻ കഴിയുന്നതുകൊണ്ട് നെല്ലും, പരുത്തിയും, കൃഷിചെയ്യാൻ സാധിക്കുന്നു. നിലക്കടല ,തിന തുടങ്ങിയവ കൃഷിചെയ്യുന്നതിന് മണൽമണ്ണാണ് ഉത്തമം.

### 5. മറ്റു ഘടകങ്ങൾ

ഒരു പ്രദേശത്തെ കൃഷിയെ നിർണ്ണയിക്കുന്ന മറ്റുഘടകങ്ങളാണ് ഭൂപ്രകൃതി, ഗതാഗത സൗകര്യം കമ്പോളം , ബാങ്ക് വായ്പസൗകര്യം എന്നിവ.

## കൃഷിയുടെ തരങ്ങൾ

കൃഷിയുടെ തരങ്ങൾ സ്ഥാനാന്തര കൃഷി, ഉപജീവമാർഗ്ഗ കൃഷി, തീവ്ര ഉപജീവന കൃഷി, വാണിജ്യ കൃഷി, യന്ത്രവൽകൃത കൃഷി, കൂട്ടു കൃഷി എന്നിവയാണ്.പ്രകൃതി ഘടനയും, കാർഷിക രീതിയും ധാന്യങ്ങളുടെ തരവും കൃഷിത്തരങ്ങളെ നിർണ്ണയിക്കുന്നു.

## അ. ഉപജീവനമാർഗ്ഗ കൃഷി

കർഷകർ തനിക്കും തന്റെ കുടുംബത്തിനും ആവശ്യമായ അളവിൽ മാത്രം ആഹാരസാധനങ്ങൾ ഉല്പാദിപ്പിക്കുന്നു. ഉപജീവന മാർഗ്ഗ കൃഷി എന്നത് രണ്ടു തരത്തിലുണ്ട്. എളിയ ഉപജീവനമാർഗ്ഗകൃഷി, തീവ്ര ഉപജീവനമാർഗ്ഗകൃഷി.



ചിത്രം 5 മിൽപ

എളിയ ഉപജീവനമാർഗ്ഗകൃഷി ചെറുസംഘങ്ങളായ ഗിരിവർഗ്ഗക്കാർക്കിടയിൽ നിലവിലുണ്ട്. ഇതിനെ സ്ഥാനാന്തരകൃഷി എന്നുപറയുന്നു. ചെറു പ്രദേശത്തുള്ള കർഷകർ മരങ്ങളെ മുറിച്ചുമാറ്റി കത്തിച്ച ശേഷം അവിടെ തിനവർഗ്ഗങ്ങൾ കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ കൃഷിചെയ്യുന്നു. വർഷങ്ങൾക്കുശേഷം ആ സ്ഥലം ഉപേക്ഷിച്ച് മറ്റു സ്ഥലങ്ങളിലേയ്ക്ക് പാലായനം ചെയ്ത് അവിടെ ഇതേ കൃഷിരീതി ആവർത്തിക്കുന്നു.

## സ്ഥാനാന്തരകൃഷി

സ്ഥാനാന്തരകൃഷി ലോകത്തിന്റെ പല ഭാഗങ്ങളിലും പല പേരിലാണ് അറിയപ്പെടുന്നത്. ബ്രസീലിൽ റോക്കോ എന്നും, ഇന്ത്യയിൽ ഝും, ബേവാർ, പൊടാ എന്നും മദ്ധ്യ അമേരിക്കയിൽ മിൽപാ എന്നും അറിയപ്പെടുന്നു. (ചിത്രം 5)


## ആ. തീവ്ര ഉപജീവനമാർഗ്ഗകൃഷി

ഏഷ്യയിലെ ജനസാന്ദ്രത കൂടിയ മൺസൂൺ പ്രദേശങ്ങളിൽ കാണപ്പെടുന്നു. ഇവിടത്തെ പ്രധാന വിളവ് നെല്ലാണ്. കുറഞ്ഞ വിസ്തൃതിയുള്ള കൃഷിയിടങ്ങളിൽ ചാണകം പോലുള്ള വളം അധികം ഉപയോഗിച്ച് നല്ല നിലവാരമുള്ള വിത്തുകൾ വിതയ്ക്കുന്നു. കുടുംബക്കാർ മൊത്തമായി തരിശു നിലമായിടാതെ കൃഷി ചെയ്ത് നല്ല വിളവ് കൊയ്തെടുക്കുന്നു.



ചിത്രം 6 തീവ്ര ഉപജീവനമാർഗ്ഗ കൃഷി

## ഇ. വാണിജ്യ കൃഷി



ചിത്രം- 7 വാണിജ്യകൃഷി

ഭൂമിശാസ്ത്രം

ഇത്തരത്തിലുള്ള കൃഷിയെ വ്യാപക കൃഷി എന്നും പറയപ്പെടുന്നു. ഈ രീതിയിലുള്ള കൃഷിയിൽ ധാന്യ ങ്ങൽ വൻതോതിൽ ഉല്പാദി പ്പി ക്കുന്നു. കൂടാതെ കൃഷിരീതി യന്ത്ര വൽകൃതവുമാണ്. (ചിത്രം 7 ) ഗോതമ്പ് കൃഷി വ്യാപകമാണെങ്കിലും വിളവ് വളരെ കുറവായിരിക്കുന്നു. വടക്കേ അമേരിക്ക. തെക്കേ അമേരി ക്കയിലെ അർജന്റീന എന്നിവിടങ്ങളിൽ വാണിജ്യ കൃഷി വ്യാപാകമായി കണ്ടുവരുന്നു.(ചിത്രം - 7 )

### ഈ. തോട്ടകൃഷി

അയനമണ്ഡലപ്രദേശങ്ങളിൽ കാണപ്പെടുന്ന വിശാലമായ കൃഷി യിടങ്ങളെയാണ് തോട്ടങ്ങൾ എന്നു പറയുന്നത്. ഇവിടെ അധിക മൂലധനം മുടക്കി തേയില, കാപ്പി, റബ്ബർ എന്നിവ കൃഷി ചെയ്യുന്നു. (ചിത്രം 8 ) ഇത്തരം വിളവുകൾ ദീർഘകാലം നിലനിൽ ക്കുന്നവയാണ്. ഇവ അധിക കാലം



ചിത്രം 8 കാപ്പികൃഷി

ഫലം തരുന്നു.ശ്രീലങ്ക, മലേഷ്യ, ഇന്ത്യ, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിൽ ഇത്തരം തോട്ടങ്ങൾ കാണപ്പെടുന്നു.

### ഉ. മിശ്രകൃഷി

ഇതൊരു പ്രത്യേക തരം കൃഷി രീതിയാണ്. ലോകത്തിലെ വികസിത രാജ്യങ്ങളിൽ ഇത്തരം കൃഷിരീതി കാണപ്പെടുന്നു. ഇത് വിളവുകളെയും വളർത്തു മൃഗങ്ങളെയും പോഷി പ്പിക്കുന്നു. ഇത്തരത്തിലുള്ള കൃഷി സ്ഥലങ്ങൾ പശ്ചിമയൂറോപ്പിൽ അധികമായി കാണപ്പെടുന്നു.

## അഭ്യാസം

### I. പൂരിപ്പിക്കുക

1. കൃഷി ഒരു __________ പ്രവർത്തനമാണ്
2. വിളവുകളെ പൊതുവായി ഭക്ഷ്യവിളവുകളെന്നു __________ വിളവുകളെന്നും വിഭജിക്കാം.
3. ചെടികളുടെ തായേരിന്റെ പരിധിക്കുള്ളിൽ തുള്ളി തുള്ളിയായ് സേചനം നടത്തുന്നതിനെ __________ എന്നു പറയുന്നു.
4. കൃഷിയെ ബാധിക്കുന്ന കാലാവസ്ഥാ ഘടകങ്ങളാണ് __________ മഴ എന്നിവ.
5. ഒരു സ്ഥലത്ത് ഒരു പ്രാവശ്യം ഒരു വിളവ് മാത്രം കൃഷി ചെയ്യുന്നതിനെ __________ എന്നു പറയുന്നു.

**II. ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക**

1. കൃഷിക്കനുയോജ്യമായ പ്രദേശം __________

   അ) പീഠഭൂമികൾ ആ) സമതലങ്ങൾ ഇ)മലപ്രദേശങ്ങൾ

2. വൻതോതിൽ കൃഷി ചെയ്യപ്പെടുന്നത__________ആകുന്നു.

   അ)ഉപജീവനമാർഗ്ഗകൃഷി ആ) സ്ഥാനാന്തകൃഷി ഇ)വാണിജ്യകൃഷി

3. ബ്രസീലിലെ സ്ഥാനാന്തര കൃഷിയെ അറിയപ്പെടുന്നത്__________

   അ)ഝും ആ) റോക്കോ ഇ) മിൽപ

4. നെല്ല് ഒരു__________കൃഷിയാകുന്നു.

   അ) ഉഷ്ണമേഖല ആ) നാണ്യം ഇ) അയനമേഖല

5. ആവശ്യത്തിന് മഴ ലഭിക്കാത്ത സ്ഥലങ്ങളിൽ__________ആവശ്യമാണ്.

   അ) ജലസേചനം ആ) ചൂട ഇ) മഞ്ഞ്

**III. യോജിപ്പിക്കുക.**

| | | |
|---|---|---|
| 1. ഉപജീവനമാർഗ്ഗകൃഷി | - | മലഞ്ചരിവുകൾ |
| 2. നൈൽ നദീതട സംസ്ക്കാരം | - | കേന്ദ്ര ആധാര ജലസേചനം |
| 3. വാണിജ്യ കൃഷി | - | ഈജിപ്റ്റ് |
| 4. ചുറ്റുനിലങ്ങൾ | - | വാണിജ്യവിളവുകൾ |
| 5. തേയില | - | തുണ്ടുഭൂമി |

**IV. ഉത്തരം ചുരുക്കിയെഴുതുക**

1. കൃഷിയെ നിർണ്ണയിക്കുന്ന ഭൂമിശാസ്ത്ര ഘടകങ്ങൾ ഏതെല്ലാം
2. കൂട്ടുകൃഷി സമ്പ്രദായം എന്നാലെന്ത് ?
3. എക്കൽ മണ്ണിന്റെ പ്രാധാന്യങ്ങൾ എന്തെല്ലാം ?
4. തോട്ടകൃഷി എന്നാലെന്ത് ? ചില തോട്ടവിളവുകളുടെ പേരെഴുതുക.

**V. വിശദമായി ഉത്തരം എഴുതുക**

1. കൃഷിയെ ബാധിക്കുന്ന ഘടകങ്ങളേവ?
   ഏതെങ്കിലും മൂന്നു ഘടകങ്ങളെ ക്കുറിച്ചെഴുതുക.
2. ജലസേചനമെന്നാലെന്ത്? വിവിധ ജലസേചന രീതികളെക്കുറിച്ച് വിവരിക്കുക

**പട്ടികപൂർത്തിയാക്കുക**

| കൃഷിയുടെ വകഭേദങ്ങൾ | ഉപജീവന കൃഷി | വാണിജ്യകൃഷി | സ്ഥാനാന്തരകൃഷി | തോട്ടകൃഷി | മിശ്രകൃഷി |
|---|---|---|---|---|---|
| വിവരണം | | | | | |
| വിളവുകൾ | | | | | |
| പ്രദേശം | | | | | |

## രൂപീകരണ മൂല്യനിർണ്ണയം

### I. പ്രവൃത്തി പരിചയം

a) അ: നിങ്ങളുടെ പരിസരത്ത് കാണപ്പെടുന്ന കൃഷിനിലങ്ങളെ നിരീക്ഷിക്കൽ

### II. ചിത്രങ്ങൾ ശേഖരിക്കൽ

a) ഒരു വിളവ് കൃഷിചെയ്യുന്ന നിരവധി ഘട്ടങ്ങളെ കാണിക്കുന്ന ചിത്രങ്ങൾ ശേഖരിക്കുക. നിലമൊരുക്കൽ നിലമുഴൽ, വിത്തു വിതയ്ക്കൽ, ഗതാഗതം, ജലസേചനം, കൊയ്ത്ത് തുടങ്ങിയ ഘട്ടങ്ങളെ കുറിക്കുന്ന ചിത്രങ്ങൾ കണ്ടുപിടിക്കുക.

### III. വാക്കു കണ്ടുപിടിക്കുക

1) സേതുലള്ളിജചനം – ഒരു വിധ ജലസേചനമാർഗ്ഗം
2) വൽണ്ടണ്ണ്മ – വളക്കൂറുള്ള മണ്ണ്
3) രുവിമാഒളവ്ത്രം – ഏക കാല കൃഷിരീതി
4) കൃകാഷിപ്പി – ഒരു നാണ്യവിള
5) പൽമി – മധ്യ അമേരിക്കയിൽ സ്ഥാനാന്തരകൃഷി

## പ്രാഥമിക പ്രവർത്തനങ്ങൾ II

### 2. വിളവുകൾ

മനുഷ്യർ കൃഷിചെയ്യുന്ന വിളവുകളെ രണ്ടായി തിരിക്കാം. ഒന്ന് ഭക്ഷ്യ വിളവുകളും മറ്റൊന്ന് നാരു വിളുവുകളും. മനുഷ്യ വർഗ്ഗത്തിന്റെ അടിസ്ഥാന ആഹാരമാണ് അരി, ഗോതമ്പ് എന്നിവ. ഇവ പുൽച്ചെടികൾ പോലുള്ള സസ്യങ്ങളാണ്. ഇതിൽ ഭക്ഷ്യയോജ്യമായ സ്റ്റാർച്ചുകൾ അടങ്ങി യിട്ടുണ്ട്. പ്രധാനപ്പെട്ട ഭക്ഷ്യ പദാർത് ഥങ്ങൾ അരി, ഗോതമ്പ്, ചോളം, തിന വർഗ്ഗങ്ങൾ എന്നിവ യാണ്.

#### ഭക്ഷ്യവിളവുകൾ : നെല്ല്

ലോകത്തിലെ അധികം ആളുകളുടെയും പ്രത്യേകിച്ച് ഏഷ്യയിലെയും ലാറ്റിൻ അമേരി ക്കയിലെയും ജനങ്ങളുടെ പ്രധാനാ ഹാരമാണ് നെല്ലരി.ഒരു ഉഷ്ണ മണ്ഡല സസ്യമാണ് നെല്ല്.ഇത് നദീതടങ്ങളിലും വണ്ടൽ പ്രദേശങ്ങളിലും കൃഷി ചെയ്യു ന്നു.നെല്ലിന്റെ ഉത്ഭവസ്ഥാനം ദക്ഷിണേ ഷ്യയാണ്. നെല്ല് ആദ്യമായി കൃഷി ചെയ്തത് ചൈനയിലെ യാങ്റ്റിസി നദീതാഴ്വര യിലാണ്.

#### നെല്ലിന്റെ വളർച്ചയ്ക്കാവശ്യമായ സാഹചര്യങ്ങൾ

നെല്ല് വളരുന്നതിന് ശരാശരി 24° സെ. താപനിലയും 150 സെ.മീ. മഴയും ആവശ്യമാണ്. മഴ ലഭിക്കാത്ത സ്ഥലങ്ങളിൽ ജലസേചനം ആവശ്യ മായി വരുന്നു. നെല്ല് സമതല പ്രദേ ശങ്ങളിൽ കൃഷിചെയ്യപ്പെടുന്നു. കാരണം നെൽച്ചെടിക്കു ചുറ്റിലും വെള്ളം കെട്ടിനിൽക്കണം. ഉയർന്ന പ്രദേശങ്ങളെ നിരപ്പാക്കി വെള്ളം കെട്ടി നിറുത്തി നെല്ല് കൃഷി ചെയ്യപ്പെ ടുന്നുണ്ട്.നദീതടങ്ങളിൽ വർഷത്തി ൽ മൂന്നു പ്രാവശ്യം നെല്ല് കൃഷി ചെയ്യുന്നു. എക്കൽ മണ്ണിൽ ധാരാളം വളക്കൂറുള്ളതിനാൽ അത് നെൽ കൃഷിക്ക് വളരെ അനുയോജ്യമാണ്. നെൽകൃഷിക്ക് മനുഷ്യാദ്ധ്വാനം അധികം ആവശ്യമാണ്. നിലമൊരു ക്കൽ, വിതയ്ക്കൽ, ഇളക്കി നടൽ, കള എടുക്കൽ, കൊയ്ത്ത് എന്നിവ കൈകൊണ്ട് ചെയ്യപ്പെടുന്ന തൊഴിലു കളാണ്.

ഏറ്റവും അധികം നെല്ല് ഉല് പാദിപ്പിക്കുന്നത് ഏഷ്യയിലാണ്. ലോകത്തിലെ നെൽകൃഷിക്കാരിൽ 98% നെൽകൃഷിക്കാരും ഏഷ്യക്കാ രാണ്. ചൈന, ഇന്ത്യ, ഇന്ഡോനേഷ്യ




തമിഴ്നാട്ടിലെ നെൽപ്പാടങ്ങൾ
ചിത്രം 9

ബംഗ്ലാദേശ് എന്നിവ നെല്ല് കൂടുതൽ ഉൽപാദിപ്പിക്കുന്ന നാലു പ്രധാന രാജ്യ ങ്ങളാണ്. ഇന്ത്യയിൽ മിക്കവാറും എല്ലാ നദീതീരങ്ങളിലും നെല്ല് ധാരാള മായി കൃഷിചെയ്തുവരുന്നു.

#### ഗോതമ്പ്

ഗോതമ്പ് ഒരു മിതോഷ്ണമേഖല കൃഷിയാണ് മിതോഷ്ണമേഖല പ്രദേ ശങ്ങളിലെ ജനങ്ങളുടെ മുഖ്യാഹാരം ഗോതമ്പാണ്. ലോകത്തിലെമൊത്ത വിസ്തൃ തിയുടെ 25% വും ഗോതമ്പു കൃഷിക്ക് വിനിയോഗിക്കുന്നു.

ലോകത്തിൽ ഗോതമ്പ്,നെല്ല് എന്നിവ ഉൽപാദിപ്പിക്കുന്ന പ്രധാന കേന്ദ്രങ്ങൾ




ചിത്രം-10

## ഗോതമ്പു കൃഷിക്കാവശ്യമായ സാഹചര്യങ്ങൾ

ഗോതമ്പ് കൃഷിക്ക് മിതമായ ചൂടും നനവുമുള്ള കാലാവസ്ഥയാണ് ആവശ്യം എന്നാൽ ചെടി വളർന്നു വരുമ്പോൾ വരണ്ട കാലാവസ്ഥ ആവശ്യമാണ്.15° സെ മുതൽ 20°സെ വരെയുള്ള താപമാണ് ഗോതമ്പു വളർച്ചയ്ക്ക് ആവശ്യം. ശരാശരി 50-60സെ.മീ. മഴയും ആവശ്യമുണ്ട്.



ചിത്രം 11 ഗോതമ്പു പാടങ്ങൾ

കളിമണ്ണ്, പശിമരാശ്ശി മണ്ണ് എന്നീ പ്രദേശങ്ങളിൽ ഗോതമ്പ് നന്നായ് വളരുന്നു. ഉഷ്ണ മേഖലാ പുൽപ്രദേശങ്ങളിലുള്ള മണ്ണിൽ ധാരാളം ജൈവാവിശിഷ്ടങ്ങൾ അടങ്ങിയിരിക്കുന്നതിനാൽ അവിടെ ഗോതമ്പ് നന്നായി വിളയുന്നു. ഗോതമ്പു കൃഷി അധികവും യന്ത്രവൽക്കരിക്കപ്പെട്ടിരിക്കുന്നു.

ലോകത്തിലെ ഏറ്റവും കൂടുതൽ ഗോതമ്പുല്പാദന രാജ്യങ്ങ ളാണ് അമേരിക്ക, ചൈന, ഉക്രയിൻ, കാനഡ,. അർജന്റീന, ആസ്ത്രേലിയ, ഇന്ത്യ, പാകിസ്ഥാൻ എന്നിവ. ഇന്ത്യയിൽ ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽ ഗോതമ്പു കൃഷി ചെയ്യപ്പെടുന്നു.

## നാരുവിളകൾ

നാരു വിളവുകളിലുൾപ്പെടുന്നതാണ് പരുത്തി ചണം മുതലായവ

## പരുത്തി

ഇതൊരു കുറ്റിച്ചെടിയാണ്. ഇത് ഉഷ്ണമേഖല പ്രദേശങ്ങളിലും മിതോഷ്ണ മേഖലപ്രദേശങ്ങളിലും കൃഷിചെയ്യപ്പെടുന്ന നാരു വിളവാണ്. പരുത്തിച്ചെടിയിൽ വിത്തുകൾ, മൂടിയ മൃദുവായ ഇടതൂർന്ന ഇഴകളോടു കൂടിയ പന്തുപോലുള്ള രൂപത്തിൽ വിളയുന്നു. (ചിത്രം 12 ). ഈ ഇഴയിൽ നിന്ന് വിത്തുകളെ പിരിക്കുന്ന രീതി (Ginning) ഇതിൽ പിൻപറ്റുന്നു.



ചിത്രം 12 പരുത്തിച്ചെടി

## പരുത്തി കൃഷിക്കാവശ്യമായ സാഹചര്യങ്ങൾ

20°സെ. മുതൽ 30°സെ. വരെ താപവും 50-100 cm വരെ മഴയും

ലഭിക്കുന്ന പ്രദേശങ്ങളിൽ പരുത്തി വളരുന്നു. കരിമണ്ണ് വണ്ടൽമണ്ണ് എന്നിവ പരുത്തികൃഷിയ്ക്ക് വളരെ യോജിച്ചതാണ്. പ്രഗത്ഭരായ തൊ ഴിലാളികൾ ഇതിനാവശ്യമാണ്. ലോകത്തിന്റെ ചില ഭാഗങ്ങളിൽ പരുത്തി വിളവെടുപ്പ് യന്ത്രവൽക്കരിക്കപ്പെട്ടിരിക്കുന്നു. പരുത്തി അധികമായി ഉല്പാദിപ്പിക്കുന്ന രാജ്യങ്ങൾ അമേരിക്ക, ഉസ്ബക്കിസ്ഥാൻ, ബ്രസീൽ, പാക്കിസ്ഥാൻ എന്നിവയാണ്.

ഇന്ത്യയിൽ മഹാർഷ്ട്ര, ഗുജറാത്ത്, തമിഴ്നാട്, കർണ്ണാടക, മദ്ധ്യപ്രദേശ്, ആന്ധ്രപ്രദേശ്, പഞ്ചാബ്, ഹരിയാന, രാജസ്ഥാനിലെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ പരുത്തി കൃഷി ചെയ്യുന്നു.

### ചണം

നീണ്ട ബലമുള്ള ഒരു നാട്ടു ചെടിയാണ് ചണം. (ചിത്രം 13 ) ഇത് ചണബാഗുകൾ, കാർപെറ്റുകൾ, നൂലുകൾ എന്നിവ നിർമ്മിക്കാൻ ഉപയോഗിക്കുന്നു.

### ചണം ഉല്പാദിപ്പിക്കാൻ ആവശ്യമായ സാഹചര്യങ്ങൾ

ചണം വളരുന്നതിന് 30°സെ. താപനിലയും 150സെ.മീ അധികം മഴയും ആവശ്യമാണ്. നല്ലമഴയും ഫലപുഷ്ടിയുള്ള മണ്ണും ജലസേചന സൗകര്യവും ചണകൃഷിക്ക് ആവശ്യമാണ്. ചണ സസ്യത്തെ പതപ്പെടു ത്തി അതിൽ നിന്ന് നാര് ഉല്പാദിപ്പിക്കുന്നതിന് കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്യുന്നതിനുള്ള തൊഴിലാളികൾ ആവശ്യമാണ്.

സസ്യത്തെ വെള്ളത്തിൽ താഴ്ത്തി രണ്ടു മൂന്നാഴ്ചകൾ കൊണ്ട് അതിനെ പതപ്പെടുത്തി (ഊറയ്ക്കിട്ട്) പുറം തോലിനെ നീക്കം ചെയ്തിട്ട് നാര്



ചിത്രം 13 ചണം പതപ്പെടുത്തൽ

വേർതിരിച്ചെടുക്കുന്ന രീതിയെയാണ് പതപ്പെടുത്തൽ എന്നു പറയുന്നത്.





ചണം ഉല്പന്നങ്ങൾ

ഇന്ത്യയും ബംഗ്ലാദേശുമാണ് ചണം കൂടുതൽ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങൾ.

## നാണ്യവിളകൾ

### കരിമ്പ്

കരിമ്പ് ഏകദേശം 3.5 മീറ്റർ ഉയരത്തിൽ വളരുന്ന ഒരു ഉഷ്ണമേഖലാ സസ്യമാണ്. (ചിത്രം 14 ) ഇത് മിക്കവാറും എല്ലാ ഉഷ്ണമേഖലാ പ്രദേശങ്ങളിലും മിതോഷ്ണ മേഖലാ പ്രദേശങ്ങളിലും വളരുന്നു.



കരിമ്പുകൃഷി

ചിത്രം 14

## കരിമ്പ് കൃഷിക്കാവശ്യമായ സാഹചര്യങ്ങൾ.

കരിമ്പ് വളർച്ചയ്ക്ക് ശരാശരി 24°സെ. താപനില വർഷം മുഴുവനും ആവശ്യമാണ്. ഏകദേശം 130സെ.മീ. വരെ മഴയും ഫലപുഷ്ടമായ മണ്ണും ഇതിനാവശ്യമാണ്. കൊയ്ത്തു കാലത്ത് കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യുന്നതിനുള്ള തൊഴിലാളികൾ ഇതിനാവശ്യമാണ്. ലാറ്റിൻ അമേരിക്ക, ദക്ഷിണ കിഴക്കൻ ഏഷ്യ എന്നിവിടങ്ങളിൽ കൂടുതൽ കരിമ്പ് ഉല്പാദിപ്പിക്കുന്നു. ഇന്ത്യ, പാകിസ്ഥാൻ, ഇന്തോനേഷ്യ, ബ്രസീൽ എന്നിവ ലോകത്തിലെ മുഖ്യ കരിമ്പ് ഉല്പാദന രാജ്യങ്ങളാണ്.

## തേയില

ഉഷ്ണമേഖലാ പ്രദേത്തുള്ള ഒരുതരം കുറ്റിച്ചെടികളിലെ ഇലകളിൽ നിന്നും തയാറാക്കുന്ന പാനീയ വ്തുവാണ് തേയില. ഇത് ഉറപ്പുള്ളതും അധികം ഉയരമില്ലാത്തതുമായ ഒരു കുറ്റിച്ചെടിയാണ്. ഇത് 1.5 മീ. വരെ ഉയരത്തിൽ വളരുന്നു.പുതിയ ഇലകൾ വളരുന്നതിനും ഇലകൾ നുള്ളി എടുക്കുന്നതിനും വേണ്ടി ചെടികളെ ഒരേ നിരപ്പിൽ വെട്ടിവിടുന്നു. (ചിത്രം 15 )



തേയിലകൃഷി

ചിത്രം 15

## തേയിലച്ചെടി വളരുന്നതിനാവശ്യമായ സാഹചര്യങ്ങൾ

ഉഷ്ണമേഖലാ പ്രദേശങ്ങളിലും സമശീതോഷ്ണ മേഖലാ പ്രദേശങ്ങളിലും ഉള്ള മലഞ്ചരിവുകളിൽ തേയില കൃഷിചെയ്യുന്നു. ഇതു വളരുന്നതിന് കുറഞ്ഞത് 21°സെ. താപവും 150സെ.മീ നുമേൽ മഴയും ആവശ്യമാണ്. കഠിനമായ മഞ്ഞ് ചെടികളുടെ വളർച്ചയ്ക്ക് ഹാനികരമാണ്. നല്ല ഫലപുഷ്ടമായ മണ്ണ് തേയിലച്ചെടിയുടെ വളർച്ചയ്ക്ക് ആവശ്യമാണ്. കൊടുങ്കാറ്റിനേയും സൂര്യപ്രകാശത്തെയും അതിജീവിക്കാനുള്ള കഴിവ് തേയിലച്ചെടിക്കുള്ളതിനാൽ കാറ്റ് അധികമുള്ള മലഞ്ചരിവുകളിൽ ഇത് ധാരാളം കൃഷി ചെയ്തുവരുന്നു.

ചൈന, ഇന്ത്യ, ശ്രീലങ്ക എന്നീ രാജ്യങ്ങൾ തേയില ഉല്പാദനത്തിൽ

മുഖ്യപങ്കു വഹിക്കുന്നു. ഇന്ത്യയിൽ ആസ്സാം, പശ്ചിമ ബംഗാൾ, കേരളം, തമിഴ്നാട് എന്നിവിടങ്ങളിൽ തേയില വളരുന്നു.

ശാസ്ത്രസാങ്കേതിക വിദ്യകൾ പുരോഗമിച്ചതോടുകൂടി മനുഷ്യൻ പ്രകൃതി വിഭവങ്ങളെയും കാർഷിക വിളവുകളെയും പ്രയോജനപ്പെടുത്തി അവന്റെ ആവശ്യങ്ങൾക്കായി പുതിയ വസ്തുക്കൾ ഉലപാദിപ്പിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളെ ദ്വിതീയഘട്ടപ്രവർത്തനം എന്നു പറയുന്നു. തുടർന്നു വരുന്ന അധ്യായങ്ങളിൽ ഇവയെക്കുറിച്ച് വിശദമായി പഠിക്കാം.

## അഭ്യാസം

### I. പൂരിപ്പിക്കുക

1. മനുഷ്യന്റെ അടിസ്ഥാന ഭക്ഷണം __________ആണ്

2. ലോകത്തിലെ ഏറ്റവും നല്ല __________ഉഷ്ണമേഖലാ പുൽപ്രദേശങ്ങളിൽ നിന്നും ലഭിക്കുന്നു.

3. മഹാരാഷ്ട്ര, ഗുജറാത്ത്, തമിഴ്നാട് എന്ന ഇന്ത്യയിലെ പ്രധാനപ്പെട്ട__________ഉല്പാദന സംസ്ഥാനങ്ങളാണ്.

4. നെല്ല് ഒരു __________വിളവാണ്.

### II. ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക

1. ലോകത്തിൽ നെല്ലുല്പാദകരിൽ __________% ഏഷ്യയിലാണ്

   അ) 98%   ആ) 80%   ഇ) 75%

2. ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന എന്നിവ ഇന്ത്യയിലെ __________ഉല്പാദന സംസ്ഥാനങ്ങളാണ്.

   അ) നെല്ല്   ആ) കരിമ്പ്   ഇ) ഗോതമ്പ്

3. തേയില __________ പ്രദേശങ്ങളിൽ വളരുന്നു.

   അ) അയനമണ്ഡലം,   ആ) ഉഷ്ണമേഖല   ഇ) ഭൂമധ്യരേഖാ പ്രദേശം

4. പരുത്തി__________മണ്ണിൽ നന്നായി വളരുന്നു.

   അ) കരിമണ്ണ്   ആ) വണ്ടൽമണ്ണ്   ഇ) മരുഭൂമി

5. ഇന്ത്യയും ബംഗ്ലാദേശും __________ഉല്പാദകരാണ്.

   അ) പരുത്തി   ആ) ചണം   ഇ) ഗോതമ്പ്

## III. യോജിപ്പിക്കുക

| | | |
|---|---|---|
| 1. ജിന്നിങ് രീതി | - | ഗോതമ്പ് |
| 2. പതപ്പെടുത്തൽ | - | കരിമ്പ് |
| 3. പശിമരാശിമണ്ണ് | - | പരുത്തി |
| 4. വണ്ടൽമണ്ണ് | - | ചണം |
| 5. ഉയരം കൂടിയ ഉഷ്ണ മേഘലാ സസ്യം | - | നെല്ല് |

## IV. ചുരുക്കി ഉത്തരമെഴുതുക

1. ഗോതമ്പു കൃഷിക്കാവശ്യമായ സാഹചര്യങ്ങൾ എന്തെല്ലാം ?
2. ജിന്നിങ് രീതി എന്നാലെന്ത് ?
3. പരുത്തി ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന രാജ്യങ്ങൾ ഏതെല്ലാം ?
4. പതപ്പെടുത്തൽ എന്നാലെന്ത് ?
5. കരിമ്പ് കൃഷി അധികമായി കാണപ്പെടുന്ന രാജ്യങ്ങൾ ഏതെല്ലാം ?

## V. വിവരിച്ച് ഉത്തരമെഴുതുക

1. നെല്ല്, ഗോതമ്പ് എന്നീ കൃഷികൾക്ക് അനുകൂലമായ സാഹചര്യങ്ങളെ താരതമ്യം ചെയ്യുക.
2. തേയില കൃഷിക്കാവശ്യമായ സാഹചര്യങ്ങൾ എന്തെല്ലാം ?

## രൂപീകരണ മൂല്യനിർണ്ണയം

I. ലോകഭൂപടത്തിൽ ഗോതമ്പ്, പരുത്തി, ചണം തുടങ്ങിയവ ഉൽപാദിപ്പിക്കുന്ന സ്ഥലഭാഗങ്ങളെ കുറിക്കുക

II. ചണം കൊണ്ടുണ്ടാക്കുന്ന വസ്തുക്കളുടെ ചിത്രങ്ങൾ ശേഖരിച്ച് കുറിപ്പെഴുതുക.

III. ഉചിതമായ വാക്കുകളെ കണ്ടെത്തുക.

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഇ | ല | സാ | ജി | ന്നി | ങ് | ഇ | രു | ത | സു | ഖ | ല | മ | ന്നു | ക |
| ന | ക | ലെ | ച | ഈ | ട | മി | രു | ത | വ | ല | മ | ക | വ | നൈ |
| തി | ങ്ക | ക | ന | അ | ഉ | കു | ഇ | സ | കു | ക്ക | മി | ഉ | വെ | എ |
| യാ | ക | ള | ത | വ | ന | വി | പ | ത | പ്പെ | ടു | ത്ത | ൽ | ന | ത |
| മി | ൽ | പ | ക | എ | രു | മ | തെ | വാ | നി | ടി | വാ | റു | കു | പ |
| ൽ | ധാ | പ | കു | ന | ജ | പ | പു | ക | ടു | ന | മി | നി | ലി | ഉ |
| ഉ | ന്യ | ട | അ | കു | അ | യ | ന | മ | ണ് | ഡ | ലം | ക | ഞാ | ന |
| ൾ | ങ്ങ | ടി | രു | ഇ | ട | മി | രു | ന | തു | വ | ല | മ | റ് | ക |
| ള | ൾ | യ | കി | ന്നു | ഉ | കു | കു | ന | കു | വാ | ട | മി | ന | ളു |
| വാ | ക | ലി | ൽ | വെ | യി | രു | ന | തു | ഒ | ല | മി | വ | ട | ക |
| ക | ൾ | ടു | ഉ | എ | ന | തി | ന | വ | ർ | ഗ്ഗ | ങ്ങ | ൾ | ൽ | കു |
| ന | ല | ക | ൾ | ന | ക | രു | ർ | കു | മി | ല | കു | വെ | മാ | വി |
| തൊ | ക | ൾ | ള | ക്യ | ളു | പ | ച | തു | വാ | ന | മാ | എ | ന | രു |
| ഴി | ന | ട | തൊ | ക | ള | എ | ടു | ക്ക | ൽ | ന | ത | ന | വി | പി |
| ർ | ക | ഇ | ഴി | ട | മി | രു | ന | തു | വ | ല | മം | കു | വാ | പ |

സാമൂഹ്യ ശാസ്ത്രം

1. പഞ്ഞിയിൽനിന്നും വിത്ത് വേർതിരിച്ചെടുക്കുന്ന രീതി
2. ചണ സസ്യത്തിൽനിന്ന് നാര് ഉത്പാദിപ്പിക്കുന്ന രീതി.
3. റാഗി, കമ്പ്, കേഴ്‌വരക് തുടങ്ങിയ വരണ്ട പ്രദേശവിളവുകൾ
4. പുൽ വർഗ്ഗത്തിൽപ്പെട്ടവയിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യവസ്തു.
5. ആവശ്യമില്ലാത്ത ചെടികളെ നീക്കം ചെയ്യുന്ന രീതി.
6. നെല്ല് വിളയിച്ചെടുക്കുന്നതിന് മുഖ്യകാരണമായ ഒരു ഘട്ടം
7. ഭൂമിയിൽ കൃഷിക്ക് അനുയോജ്യമായ മണ്ഡലം

**ചർച്ച**

IV. കഴിഞ്ഞ ദിവസം ഭക്ഷിച്ച ആഹാരപദാർത്ഥങ്ങളെക്കുറിച്ച് താഴെ പറയുന്ന രീതിയിൽ ചർച്ച ചെയ്യുക:

അ 1. അവ എങ്ങനെയാണ് പാകപ്പെടുത്തിയത്?

2. അവ എവിടെ നിന്നാണ് കൊണ്ടുവരപ്പെട്ടത്?

ആ. വേറിട്ട രീതിയിൽ ചിന്തിക്കുക

"വടക്കേ ഇന്ത്യയിലും തെക്കെ ഇന്ത്യയിലും ഭക്ഷിച്ചുവരുന്ന പരമ്പരാഗതമായ ഭക്ഷ്യവസ്തുക്കൾ"

3. നിങ്ങൾ ഓരോരുത്തരും കൊണ്ടു വരുന്ന ആഹാരാധനങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു എന്തുകൊണ്ട്?

ഇ. ദൈനംദിനജീവിതത്തിൽ തെക്കെ ഇന്ത്യക്കാരും വടക്കെ ഇന്ത്യക്കാരും ഉപയോഗിച്ചു വരുന്ന ആഹാരസാധനങ്ങളുടെ പട്ടിക തയ്യാറാക്കുക. എന്തുകൊണ്ട് അവ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഭക്ഷണം | വടക്കെ ഇന്ത്യ | തെക്കെ ഇന്ത്യ |
|---|---|---|
| പ്രഭാത ഭക്ഷണം | | |
| ഉച്ചഭക്ഷണം | | |
| രാത്രിയിലെ ഭക്ഷണം | | |

## 3. വ്യവസായശാലകൾ

നമ്മുടെ ഭൂമിയാകുന്ന ഗ്രഹം ഭൂപ്രകൃതിവിഭവങ്ങളായ ധാതുക്കൾ , കാർഷിക വിളവുകൾ എന്നിവ കൊണ്ട് സമൃദ്ധമാണെന്ന് നമുക്കറിയാവുന്നതാണ്. ഇത്തരത്തിലുള്ള വിഭവങ്ങളെ ചില പ്രവർത്തനങ്ങൾ മൂലം മാറ്റിയെടുത്താൽ മാത്രമേ നമുക്ക് അവയെ പ്രയോജനപ്പെടുത്തുവാൻ സാധിക്കുകയുള്ളു. ഇവയെ തന തായ രൂപത്തിൽ ഉപയോഗപ്പെടു ത്താൻ സാധിക്കാത്ത തിനാൽ അവ സംസ്ക്കരിക്കപ്പെട്ട ഉപയോഗമുള്ള ഉല്പന്നങ്ങളാക്കി മാറ്റുന്നു. ഇപ്രകാരം അസംസ്കൃത വസ്തുക്കളെ യന്ത്രങ്ങളുടെ സഹായത്താൽ ഉപയോഗയുക്തമായ ഉൽപന്ന ങ്ങളാക്കി മാറ്റുന്ന സ്ഥലത്തെയാണ് തൊഴിൽശാല എന്നു പറയുന്നത്. അസംസ്കൃത വസ്തുക്കളെ സംസ്ക്കരണത്തിലൂടെ ഉപയോഗവസ്തുവാക്കി മാറ്റുന്ന പ്രവർത്തനത്തെയാണ് ദ്വിതീയ പ്രവർത്തനം എന്നു പറയുന്നത്.


പരുത്തിയിൽ നിന്നും പപഞ്ഞി വേർതിരിച്ചെടുത്ത് ഉപയോഗപ്രദമായ വ്തുക്കൾ നിർമ്മിക്കുന്നത് ദ്വിതീയഘട്ടപ്രവർത്തനത്തിന് ഉദാഹരണമാണ്. മരത്തിൽനിന്ന് ഗൃഹോപകരണങ്ങളും പേപ്പറും ീലിക്കയിൽ നിന്ന്ഗ്ലാും ്വർണ്ണം വെള്ളി എന്നിവയിൽ നിന്ന് ആഭരണങ്ങളും ഉണ്ടാക്കുന്നു.

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ വ്യവസായ മേഖലയിൽ വമ്പിച്ച പുരോഗതിയുണ്ടായി. നമ്മുടെ രാജ്യത്തിന്റെ വ്യവസായ പുരോഗതിക്ക് പഞ്ചവത്സര പദ്ധതികൾ പ്രധാന പങ്ക് വഹിക്കുന്നു. ഒരു വ്യവസായംചെയ്യുന്നതിന് വൻതോതിൽ മുതൽമുടക്കുള്ളതിനാൽ വ്യവസായശാല ആരംഭിക്കുന്നതിനു മുമ്പ് പ്രധാനമായും പരിഗണിക്കേണ്ട പല ഘടകങ്ങളുമുണ്ട്.

പതിനെട്ട്, പത്തൊൻപതാം നൂറ്റാണ്ടുകളിൽ സാങ്കേതിക വിദ്യയുടെ വികാസ ത്തോടെ തൊഴിൽശാലകൾ നിലവിൽ വന്നു. ഇതിന്റെ ഫലമായി പടിഞ്ഞാ റൻ നാടുകളിൽ അധിക അളവിൽ വസ്തുക്കൾ ഉൽപാദിപ്പിക്കപ്പെട്ടു. ഇതിനെ വ്യവസായ വിപ്ലവം എന്നു പറയുന്നു. ഇത് ലോക ചരിത്രത്തിൽ ഒരു പ്രധാന സംഭവമായി കരുതുന്നു. വ്യവസായ വിപ്ലവം ഏർപ്പെടുത്തിയ ആദ്യ ഇന്ധനമാണ് കൽക്കരി. കൃഷി,വനനം, ഗതാഗതം എന്നീ മേഖലകളിൽ ഏർപ്പെടുത്തിയ മാറ്റ ങ്ങൾ ലോകത്തിൽ സാമ്പത്തിക, സാമൂഹിക പരിവർത്തനത്തിന് വഴി തെളിയിച്ചു.

### തൊഴിൽശാലകളുടെ സ്ഥാനത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ.

എല്ലാ സ്ഥലത്തും തൊഴിൽ ശാലകൾ സ്ഥാപിക്കുവാൻ സാധ്യമല്ല. ഒരു വ്യവസായശാല ആരംഭിക്കുന്നതിനെ നിർണ്ണയിക്കുന്നത് പലതരത്തിലുള്ള ഘടകങ്ങളാണ്. ഇവ ഭൂമിശാസ്ത്രപരമായ ഘടകങ്ങളാ യോ, ജീവശാസ്ത്രപരമായ ഘടകങ്ങളായോ ഇരിക്കുന്നു. ഈ ഘടകങ്ങളെ ചിത്രം 16 -ൽ കാണിച്ചി രിക്കുന്നു.




ചിത്രം 16 തൊഴിൽശാലകളുടെ സ്ഥാനത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ

## അസംസ്കൃത വസ്തുക്കൾ

ചില വ്യവസായശാലകൾക്ക് അധിക അളവിൽ അസംസ്കൃത വസ്തുക്കൾ ആവശ്യമായി വരുന്നു. അത്തരത്തിലുള്ള വ്യവസായ ശാല കൾ ലാഭത്തിനായും ഗതാഗത ചെലവ് കുറയുന്നതിനുമായിഅസംസ്കൃത വസ്തുക്കൾ ലഭിക്കുന്ന സ്ഥലത്തു തന്നെ സ്ഥാപിക്ക പ്പെടുന്നു. ഇരുമ്പ് ഉരുക്ക്വ്യവസായശാലകൾകൂടുതലായും കൽക്കരി, ഇരുമ്പ് ഖനികളുടെ അടുത്തായി സ്ഥാപിക്കുപ്പെടുന്നു. ഉദാഹരണത്തിന് ടാറ്റ ഇരുമ്പ് ഉരുക്ക് വ്യവസായശാല റാഞ്ചി, ഝാറിയ, ബൊക്കാ റോ, കൽക്കരി ഖനികളുടെ അടുത്ത് സ്ഥിതിചെയ്യുന്നു.

## തൊഴിലാളികൾ

തൊഴിൽശാലകൾക്ക് ധാരാളം വേതനം കുറഞ്ഞ തൊഴിലാക്കാൻ അല്ലെങ്കിൽ മനുഷ്യ പ്രയത്നം ആവശ്യമാണ്. വളരെ ഉയർന്ന ജനംഖ്യ ഉള്ള പ്രദേശങ്ങളിൽ തൊഴിൽശാലകൾ സ്ഥാപിക്കപ്പെടുന്നു. ഇന്ത്യ, ചൈന പോലുള്ള രാജ്യങ്ങളിൽ കുറഞ്ഞ വേതനത്തി ലുള്ള തൊഴിലാളികളെ കൊണ്ടുള്ളതാകുന്നു.

തൊഴിലാളികളെ രണ്ടായി തിരിക്കാം . അവ വിദഗ്ധ തൊഴിലാളി കളെന്നും,അർദ്ധ വിദഗ്ദ്ധ തൊഴിലാളികളെന്നും രണ്ടായി പിരിക്കാം. വജ്രംഅറുക്കുന്നവ്യവസായശാലകൾക്ക് ആ തൊഴി ലിൽ പ്രത്യേകം വൈദഗ്ദ്യം

നേടിയ തൊഴിലാളികൾ ആവശ്യമാണ്. എന്നാൽ സാധനങ്ങൾ അടുക്കി കെട്ടുന്ന തൊഴിൽ ശാലക്ക് (Packing) പ്രത്യേക വൈദഗ്ദ്യം നേടിയ തൊഴിലാളികൾ ആവശ്യമില്ല.

## ഇന്ധനം

യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ഇന്ധനം ആവശ്യമാണ്. ലോകത്തിലുള്ള ആകെ ഇന്ധന ഉൽപാതനത്തിന്റെ 70% വ്യവസായ ശാലകളിൽ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാൻ ഉപയോഗിക്കുന്നു. കൽക്കരി താപവൈദ്യുത നിലയങ്ങളിൽ ഉപയോഗിക്കുന്ന മുഖ്യ ഇന്ധനമാണ്. ഇത്തരം ഇന്ധനം എളുപ്പത്തിൽ ലഭിക്കുന്ന സ്ഥലത്ത് തൊഴിൽ ശാലകൾ സ്ഥാപിക്ക പ്പെടുന്നു.

## മൂലധനം

ഒരു വ്യവസായ ശാല സ്ഥാപിക്കുന്നതിന് മൂലധനം അത്യന്താപേക്ഷിതമാണ്. ഇത് വ്യവായ ശാലകൾക്ക് ആവശ്യമായ വ്തുക്കളെ വാങ്ങുന്നതിന് ആവശ്യമാണ്. ചില വ്യവായശാലകൾക്ക് അധികം മുലധനവും, ചില വ്യവായശാല കൾക്ക് കുറഞ്ഞമൂലധനവും മതിയാകുന്നതാണ്. വലിയ തൊഴിൽശാലക ളിൽ ഉൽപാദന ശക്തി അധികരിക്കുന്നതിനാൽ മൂലധനവും അധിക അളവിൽ ആവശ്യമാണ്. നിക്ഷേപത്തിന് മൂലധനം എവിടെ ലഭ്യമാകുന്നവോ അവിടെ വ്യവായശാലകളും വളർച്ച പ്രാപിക്കുന്നു.

## ഗതാഗതം

അസംസ്കൃത വസ്തുക്കളെ വ്യവസായശാലകളിൽ എത്തിക്കുന്നതിനും നിർമ്മിത വസ്തുക്കളെ കമ്പോളത്തിൽ എത്തിക്കുന്നതിനും ഗതാഗതം അത്യന്താപേക്ഷിതമാണ്. വ്യവസായശാലകൾക്ക് വേഗതയേറിയതും ചെലവ് കുഞ്ഞതുമായ ഗതാഗത സമ്പ്രദായമാണ് ആവശ്യം. ആയതിനാൽ എവിടെയെല്ലാം ഗതാഗതം വികാസം പ്രാപിക്കുന്നുവോ അവിടെയെല്ലാം വ്യവസായശാലകൾ സ്ഥാനം പിടിച്ചിട്ടുണ്ട്.

## കമ്പോളം

യന്ത്രഭാഗങ്ങളെ യോജിപ്പിച്ച് വസ്തുക്കളെ ഉൽപാദിപ്പിക്കുന്ന വ്യവസായശാലകൾ കമ്പോളങ്ങൾക്കരികിൽ സ്ഥാപിക്കപ്പെടുന്നു. ഉദാഹരണത്തിന് വാഹന നിർമ്മാണ വ്യവസായ ശാലകളും, ക്ഷീരോൽപന്നങ്ങളെ ഉൽപാ ദിപ്പിക്കുന്ന വ്യവസായ ശാലകൾ, കണ്ണാടി വസ്തുക്കളെ ഉൽപാദിപ്പിക്കുന്ന വ്യവസായശാകളും കമ്പോളത്തിനരികിൽ സ്ഥാപിക്കപ്പെടുന്നു. എന്തെന്നാൽ അവ പെട്ടെന്ന് അവ ചീഞ്ഞുപോകുന്നതും (പാൽ, പഴം തുടങ്ങിയ വസ്തുക്കൾ) ഉടയുന്നതുമായ(കണ്ണാടി) വസ്തുക്കളാണ്.

ഒന്നോ അതിലധികമേ ഭൂമിശാസ്ത്രപരമായ ഘടകങ്ങളും ജീവശാസ്ത്രപരമായ ഘടകങ്ങളും ലോകം മുഴുവനും വ്യവസായ ശാലകൾ സ്ഥാപിക്കുന്നതിനുള്ള ഘടകങ്ങളായിരിക്കുന്നു. കാലാവസ്ഥ, ജലസേചനസൗകര്യം തുടങ്ങിയ പല ഘടകങ്ങളും വ്യവസായ ശാലകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ഘടകങ്ങളാണ്.

## അഭ്യാസം

### I. പൂരിപ്പിക്കുക

1. ഇന്ത്യയിൽ വ്യവസായവൽക്കരണം പുരോഗമിച്ചത് __________നു ശേഷമാണ്.
2. ഒരു വ്യവസായശാലയുടെ സ്ഥാനത്തെ നിർണ്ണയിക്കുന്ന ഘട്ടങ്ങൾ __________എന്നിവയാണ്.
3. യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് അടിസ്ഥാനമായി ആവശ്യപ്പെടുന്നത് __________
4. വ്യവസായ മേഖലയിൽ ______ ഇന്ധനശക്തിയെ യന്ത്രങ്ങൾ പ്രവർത്തിക്കാൻ ഉപയോഗിക്കുന്നു.

### II. ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

1. എളുപ്പത്തിൽ പൊട്ടിപോകുന്ന ലഘുവായ വസ്തുക്കൾ

   അ) കണ്ണാടിവസ്തുക്കൾ ആ) പച്ചക്കറികൾ ഇ) വാഹനങ്ങൾ

2. വ്യവസായ വിപ്ലവത്തെ ഏർപ്പെടുത്തിയ ആദ്യ ഇന്ധനംആണ്.

   അ) എണ്ണ ആ) പ്രകൃതിവാതകം ഇ) കൽക്കരി

3. ________ സാധാരണയായി കൽക്കരി ഖനികളുടെ അടുത്ത് കേന്ദ്രീകരിക്കുന്നു.

   അ) അലുമിനീയം വ്യവസായശാല

   ആ) ഇരുമ്പുരുക്ക് വ്യവസായശാല

   ഇ) കപ്പൽ നിർമ്മാണ വ്യവസായശാല

4. വജ്രം മുറിക്കുന്ന വ്യവസായശാലകൾക്ക് ________ജോലിക്കാർ ആവശ്യമാകുന്നു.

   അ) പ്രത്യേകം തൊഴിൽ വൈദഗ്ദ്യം ഉള്ളവർ

   ആ) തൊഴിൽ വൈദഗ്ദ്യം ഇല്ലാത്തവർ

   ഇ ) അർദ്ധ വിദഗ്ദ തൊഴിലാളികൾ

### III. യോജിപ്പിക്കുക

| | | |
|---|---|---|
| 1. വൻതോതിലുള്ള ഉല്പാദനം | - | അർദ്ധ വൈദഗ്ധ്യ തൊഴിലാളികളെ അടിസ്ഥാനമാക്കിയത് |
| 2. ഇരുമ്പുരുക്കു വ്യവസായശാല | - | കമ്പോളങ്ങളെ അടിസ്ഥാനമാക്കിയത് |
| 3. ഝാറിയ | - | വ്യവസായ വിപ്ലവം |
| 4. വസ്തുക്കളെ അടുക്കിക്കെട്ടുന്ന വ്യവസായ ശാല | - | കൽക്കരിതുരങ്കം |
| 5. യന്ത്രഭാഗങ്ങളെ യോജിപ്പിക്കുന്ന വ്യവസായശാല | - | അസംസ്കൃത വസ്തുക്കൾ |

### IV. ചുരുക്കത്തിൽ ഉത്തരമെഴുതുക

1. വ്യ വസായശാല എ ന്നാലെന്ത് ?
2. ഒരു വ്യവസായശാല ആരംഭിക്കാൻ ആവശ്യമായ അടിസ്ഥാന ഘടകങ്ങൾ ഏതെല്ലാം.
3. ദ്വിതീയ പ്രവർത്തനങ്ങളിൽ ചിലതിനെ കുറിക്കുക.
4. വ്യവസായശാലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ തരങ്ങൾ ഏവ?

### V. ഒരു ഖണ്ഡകയിൽ ഉത്തരമെഴുതുക

1. ഒരു വ്യവസായശാല ആരംഭിക്കുന്നതിന് മുലധനം എങ്ങനെ മുഖ്യ പങ്കു വഹിക്കുന്നു.
2. വ്യവസായ ശാലസ്ഥാപിക്കുന്നതിന് അസംസ്കൃതവസ്തുക്കളുടെ ലഭ്യതയ്ക്കുള്ള പങ്കെന്ത്?

### VI. 200 വാക്കുകളിൽ ഉത്തരമെഴുതുക.

1. ഒരു വ്യവസായശാല ആരംഭിക്കുന്നതിനും വളര്ച്ച പ്രാപിക്കുന്നതിനും യോജിച്ച ഘടകങ്ങളെപ്പറ്റി വിവരിക്കുക.

## രൂപീകരണ മൂല്യനിർണ്ണയം

### I. കുറിപ്പ് തയ്യാറാക്കുക:

1. നിങ്ങളുടെ സമീപ പ്രദേശത്തുള്ള ഏതെങ്കിലും രണ്ടു വ്യവസായശാലകളെ സന്ദർശിക്കുകയും, അവിടെ സ്ഥാപിക്കാനുള്ള കാരണങ്ങളെയും കണ്ടെറിയുക.

2. താഴ കൊടുത്തിട്ടുള്ള വ്യവസായശാലകൾക്ക് ആവശ്യമായ രണ്ടു ഘടകങ്ങളെപ്പറ്റി എഴുതുക

   അ. ഇരുമ്പ് തൊഴിൽശാല:-കമ്പോളം/ അസംസ്കൃതവസ്തുക്കൾ

   ആ. ഘടികാരതൊഴിൽശാല: വൈദഗ്ദ്ധ്യം നേടിയ തൊഴിലാളികൾ / വ്യവസായ നിലം

   ഇ. കമ്പിളി നിർമ്മാണം, ഇന്ധനം / കമ്പോളം

### II. ഭൂപടം വരയ്ക്കൽ:

ഇന്ത്യാഭൂപടത്തിൽ വ്യവസായശാലകളെ അടയാളപ്പെടുത്തുക

1. അഞ്ച് ഇരുമ്പുരുക്ക് വ്യവസായശാലകൾ.
2. രണ്ടു പരുത്തി വ്യവസായശാലകൾ.
3. രണ്ട് പഞ്ചസാര ഉല്പാദനകേന്ദ്രങ്ങൾ.
4. കപ്പൽ നിർമ്മാണ ശാല.

## ദ്വിതീയഘട്ട പ്രവർത്തനങ്ങൾ - II


## 4. വ്യവസായശാലകളുടെ തരങ്ങൾ

ഒരു രാജ്യത്തിന്റെ അതിവേഗത്തിലുള്ള സാമ്പത്തിക പുരോഗതിക്ക് വ്യവസായശാലകൾ വളരെയേറെ പ്രാധാന്യമർഹിക്കുന്നു. അവ ദേശീയ വരുമാനം ഉയർത്തുന്നതോടൊപ്പം ജനങ്ങൾക്ക് തൊഴിൽ സാധ്യതകളും നൽകുന്നു. വ്യവസായങ്ങളെ താഴെ പറയുന്ന പ്രകാരം വകഭേദം ചെയ്യാവുന്നതാണ്.

### വ്യവസായശാലയുടെ വകഭേദങ്ങൾ

വ്യവസായങ്ങളെ താഴെ പറയുന്നതിന്റെ അടിസ്ഥാനത്തിൽ വകഭേദം ചെയ്യാവുന്നതാണ്.

a) അസംസ്കൃത വസ്തുക്കൾ
b) ഉടമസ്ഥത
c) മൂലധനം
d) ഉൽപന്നം




ചിത്രം 17 വ്യവസായ സ്ഥാന ഘടകങ്ങൾ

### 1. അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിലുള്ള തരങ്ങൾ

വ്യവസായശാലകളിൽ ഉപയോഗിക്കുന്ന അസംസ്കൃതവസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യവസായശാലകളുടെ തരത്തെ കാടുകളെ സംബന്ധിച്ചുള്ള വ്യവസായശാല, കൃഷിയെ സംബന്ധിച്ച വ്യവസായശാല മറ്റും ഖനിജം സംബന്ധിച്ച വ്യവസായശാല എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.



ചിത്രം 18 മരസാധനങ്ങൾ നിർമ്മിക്കൽ

### അ) കാടുകളെ സംബന്ധിച്ചുള്ള വ്യവസായശാല

ഇത്തരം വ്യവസായശാലകൾക്ക് കാടുകളിൽ നിന്നും അസംസ്കൃത സാധനങ്ങൾ ലഭിക്കുന്നു. ഉദാഹരണത്തിന് കടലാസ് വ്യവസായശാല, മരസാധന നിർമ്മാണ വ്യവസായശാല എന്നിവ ഇത്തരം വ്യവസായശാലകളിൽ ഉൾപ്പെടുന്നു.

### ആ). കൃഷിയെ സംബന്ധിച്ചുള്ള വ്യവസായശാലകൾ

ഇത്തരം വ്യവസായശാലകൾ കാർഷിക വസ്തുക്കളെ ആധാര മാക്കി, പരുത്തി, ചണ സാധനങ്ങൾ, ശർക്കര എന്നിവയെ ഉൽപാദിപ്പി ക്കുന്നു.

### ഇ) ഖനിജങ്ങളെ സംബന്ധിച്ചുള്ള വ്യവസായശാലകൾ

ഇത്തരം വ്യവസായശാ ലകൾക്ക് ഖനിജ വസ്തുക്കളാണ് അസംസ്കൃത വസ്തുക്കളാകുന്നത്.

ഇരുമ്പ്, ഉരുക്ക്, സിമെന്റ്, അലുമിനീയം, രാസവസ്തുക്കൾ എന്നിവ ഇത്തരം വ്യവസായശാലകൾക്ക് ഉദാഹരണങ്ങളാണ്.



(ചിത്രം 19 സിമെന്റ് വ്യവസായശാല)

### 2. സ്ഥല സംബന്ധിത വ്യവസായശാലകൾ

#### അ) അസംസ്കൃത സാധനങ്ങളുടെ സ്വഭാവത്തിന് അനുസരിച്ച് പ്രവർത്തിക്കുന്ന വ്യവസായശാലകൾ

ഇത്തരം വ്യവസായശാലകൾ അസംസ്കൃത സാധനങ്ങൾ ലഭിക്കുന്ന സ്ഥലത്തിനു സമീപം സ്ഥാപിച്ചിരിക്കുന്നു. കാരണം ചില അസംസ്കൃത സാധനങ്ങൾ ഭാരം കൂടിയവയായിരിക്കും. ഉദാഹരണം ഇരുമ്പുരുക്ക് വ്യവസായശാലകൾ കൽക്കരിയും മറ്റു ഭാരമേറിയ അസംസ്കൃത പദാർത്ഥങ്ങളും ലഭിക്കുന്ന സ്ഥലങ്ങൾക്ക് സമീപത്തായി സ്ഥിതി ചെയ്യുന്നു.ശർക്കര വ്യവസായശാല കരിമ്പു വിളയുന്ന വയലുകൾക്ക് സമീപം സ്ഥാപിച്ചിരിക്കുന്നു. കാരണം കരിമ്പ് വിളവെടുത്ത് കരിമ്പിൻ ചാറിനെ ശരിയായ സമയത്തുതന്നെ പാകപ്പെടുത്തേണ്ട ആവശ്യമുണ്ട്. ഇല്ലെങ്കിൽ കരിമ്പിന്റെ മധുരഗുണം കുറയുന്നതാണ്.

#### ആ) കമ്പോളത്തെ ആധാരമാക്കിയുള്ള വ്യവസായശാലകൾ.

ഇത്തരം വ്യവസായശാലകൾ കമ്പോളങ്ങൾക്കു സമീപം സ്ഥാപിച്ചിരിക്കുന്നു. കാരണം സാധനങ്ങൾ ചിലപ്പോൾ അഴുകുകയോ, ചീത്തയാകുകയോ ചെയ്യാനുള്ള സന്ദർഭങ്ങളുണ്ട്. ഉദാഹരണത്തിന് പാലും പാലുല്പന്നങ്ങളും തയ്യാറാകുന്ന വ്യവസായശാലകൾ.

#### ഇ) ചിതറിക്കാണപ്പെടുന്ന വ്യവസായ ശാലകൾ (Foot Loose)

ഇത്തരം വ്യവസായശാലകൾ ഏതുസ്ഥലത്തും സ്ഥാപിക്കാം കാരണം ഇതിന്റെ അസംസ്കൃത സാധനങ്ങൾ യന്ത്രങ്ങളും അതിന്റെ ഭാഗങ്ങളുമാണ്. ഉദാഹരണം. ഘടികാരം നിർമ്മിക്കുന്ന വ്യവസായശാലകൾ.

### 3. ഉൽപാദനത്തിന്റെ അളവിന് ആധാരമാക്കിയുള്ള തരങ്ങൾ

ഉൽപാദനത്തിന്റെ അളവിന് അടിസ്ഥാനമാക്കി വൻതോതിൽ ഉൽപാദിപ്പിക്കുന്ന വ്യവസായ ശാലകൾ, മിതമായ തോതിൽ ഉൽപാദിപ്പിക്കുന്ന വ്യാവസായശാലകൾ, ചെറിയ തോതിൽ ഉൽപാദിപ്പിക്കുന്ന വ്യവസായ ശാലകൾ കാണപ്പെടുന്നു.

#### അ. വൻ തോതിൽ ഉൽപാദിപ്പിക്കുന്ന വ്യവസായശാലകൾ

ഇത്തരം വ്യവസായശാലക ൾക്ക് അധിക തോതിൽ മൂലധനം, ഭാരമേറിയയന്ത്രങ്ങൾ,അധികം തൊഴിലാളികൾ എന്നിവ ആവശ്യമാണ്. ഉദാഹരണത്തിന് തീവണ്ടിപ്പെട്ടി നിർമ്മാണശാല - ചെന്നൈ റ്റാറ്റാ ഇരുമ്പുരുക്കു വ്യവസായശാല -



ചിത്രം 20 വൻതോതിൽ ഉൽപാദിപ്പിക്കുന്ന തൊഴിൽശാല

ജാംഷഡ്പൂർ ബെൽ (BHEL)- തിരുച്ചിസെയിൽ (SAIL) - സേലം

## ആ. മിതമായ തോതിൽ ഉൽപാദി പ്പിക്കുന്ന വ്യവസായശാല

ഇത്തരം വ്യവസായശാല എണ്ണത്തിൽ കുറവായി കാണപ്പെടുന്നെങ്കിലും മൂലധനം, തൊഴിൽ സാങ്കേതികം എന്നിവയെ അടിസ്ഥാനമാക്കി സ്ഥാപിക്കപ്പെടുന്നു. കമ്പ്യൂട്ടർ വ്യവസായശാലകൾ, അണുവൈദ്യുത വ്യവസായശാലകൾ എന്നിവ ഇവയ്ക്ക് ഉദാഹരണമായി പറയാം



ചിത്രം 21
ഇലക്ട്രോണിക് വ്യവസായശാല

## ഇ) ചെറിയതോതിൽ ഉൽപാദിപ്പിക്കുന്ന വ്യവസായശാലകൾ

ഇത്തരം വ്യവസായ സ്ഥാപനങ്ങൾ ചെറിയതോതിൽ മുലധനവും കുറച്ചു തൊഴിലാളികളുമായി കാണപ്പെടുന്നു. ഗൃഹാവശ്യങ്ങൾക്കുള്ള സാധനങ്ങൾ ഇത്തരം വ്യവസായ ശാലകളിൽ ഉല്പാദിപ്പിക്കാം. കരകൗശല വസ്തുക്കൾ, എഴുതാനുപയോഗിക്കുന്ന വസ്തുക്കൾ എന്നിവ ഇവിടെ തയ്യാറാക്കുന്നു.



കൈത്തറി വ്യവസായം

ചിത്രം 22

## ഈ) കുടിൽ വ്യവസായം

ഇവ കുറഞ്ഞ മുലധനം മുടക്കിയുള്ള വളരെ ചെറിയ അളവിലുള്ള



ചിത്രം 23 - കൈത്തൊഴിൽ
മൺപാത്ര നിർമ്മാണം

വ്യവസായശാലകളാണ്. ഒരു ചെറു സംഘമോ, കുടുംബക്കാരോ ഇത്തരം തൊഴിൽശാലകൾ സ്ഥാപിച്ചിരിക്കും. കൈത്തറി, പായ്നിർമ്മാണം, മുളയും മരപ്പട്ടയും കൊണ്ടുണ്ടാക്കുന്ന വസ്തുക്കൾ, മൺ പാത്ര നിർമ്മാണം എന്നിവ ഇതിലുൾപ്പെടും.

### 4. ഉൽപാദനരീതിയുമായി ബന്ധപ്പെട്ട വ്യവസായശാലകൾ

ഉൽപാദനത്തെ അടിസ്ഥാനമാക്കി വ്യവസായ ശാലകളെ വൻകിട വ്യവസായം, ചെറുകിടവ്യവസായം വിഭജിച്ചിട്ടുണ്ട്.

### അ. വൻകിട വ്യവസായശാല

ഇത്തരം വ്യവസായശാലകൾ കൂടുതൽ ഭാരമുള്ള അസംസ്കൃത സാധനങ്ങളേയും ഭാരമേറിയ ഉൽപാദന വസ്തുക്കളേയും തയ്യാറാ ക്കുന്ന തൊഴിൽശാലകളാണ്. ഇവയ്ക്ക് കൂടുതൽ മുലധനം ആവശ്യമാണ്. ടിസ്കോ (TISCO) എന്നറിയപ്പെടുന്ന ഇരുമ്പുരുക്കു വ്യവസായശാലകൾ, ബെൽ (BHEL) എന്ന ഭാരമേറിയ വ്യവസായശാല എന്നിവ ഇവയ്ക്കുദാഹരണമാണ്.



BHEL - ട്രിച്ചി
ചിത്രം 24

### ആ. ചെറുകിട വ്യവസായശാല

ഇത്തരം വ്യവസായശാലക ളിൽ അസംസ്കൃതവസ്തുക്കളും പൂർത്തിയായ ഉൽപന്ന ങ്ങളും അധികം ഭാരമില്ലാത്തവയായിരിക്കും. അവ കുറഞ്ഞ മൂലധനം മുടക്കിയുള്ള ഉപഭോക്തൃ തൊഴിലുകളായിരിക്കും. ഘടികാരം നിർമ്മിക്കുന്നത്, കവറു കൾ നിർമ്മിക്കുന്ന തൊഴിൽ, വീട്ടു സാധനങ്ങൾ നിർമ്മിക്കുന്ന തൊഴിൽ എന്നിവ ഇതിനുദാഹരണങ്ങളാണ്.

### 5 തൊഴിലിന്റെ ഗുണനിലവാരത്തിനനുസരിച്ചുള്ള. വ്യവസായ ശാലകൾ

തൊഴിലിന്റെ നിലവാരത്തിനനുസരിച്ച് വ്യവസായശാലകളെ പതപ്പെടുത്തുന്ന വ്യവസായശാല കൾ ഉൽപാദിപ്പിക്കുന്ന വ്യവസായ ശാലകൾ യന്ത്രഭാഗങ്ങൾ യോജിപ്പി ക്കുന്ന വ്യവസായശാലകൾ എന്ന് തരംതിരിച്ചിട്ടുണ്ട്.


### അ. പതപ്പെടുത്തുന്ന വ്യവസായ ശാലകൾ

ഇത്തരം വ്യവസായശാലകൾ അസംസ്കൃത വസ്തുക്കളെ



തോൽ പതപ്പെടുത്തൽ
ചിത്രം 25

ലോകത്തിലെ വ്യവസായ പ്രദേശങ്ങൾ




ചിത്രം-27

അസംസ്കൃതവസ്തുക്കളെ സംസ്കരിച്ചെടുക്കുന്ന വ്യവസായശാലകളാണ്. (ചിത്രം 25) തോൽ ഉൽപന്നങ്ങളായി മാറ്റുന്ന പ്രവൃത്തികൾ പഞ്ഞിയിൽ നിന്നും കുരുനീക്കുന്ന പ്രവൃത്തികൾ, ലോഹ ഐരിൽ നിന്നും ലോഹത്തെ ഉരുക്കിയെടുക്കുന്ന പ്രവൃത്തികൾ എന്നിവ ഇത്തരം തൊഴിലുകൾക്ക് ഉദാഹരണമാണ്.

### ആ) ഉൽപാദന വ്യവസായശാലകൾ

ഇത്തരം വ്യവസായശാലക ളിൽ അസംസ്കൃത വസ്തുക്കളെ അഥവാ പൂർത്തീകരിച്ച് വസ്തുക്കളെ ഉൽപന്നങ്ങളാക്കി മാറ്റുന്ന ജോലി ചെയ്യുന്നു. ഉദാഹരണത്തിന് നൂലുകളെ തുണികളാക്കി മാറ്റുന്ന തുണിമില്ലുകൾ, ഇരുമ്പുരുക്കു വ്യവസായ ശാലകൾ, ഇരുമ്പിനെ യന്ത്രങ്ങളാക്കുന്നത്, മരത്തിന് മരസാധനങ്ങളാക്കുന്നത് എന്നിവയാണ്.

### ഇ) യന്ത്രഭാഗങ്ങളെ സംയോജിപ്പിക്കുന്ന വ്യവസായശാലകൾ

പൂർത്തീകരിച്ച സാധനങ്ങളെ യോജിപ്പിച്ച് പുതിയ വസ്തുക്കൾ തയ്യാറാക്കുന്ന വ്യവസായശാലകൾ യന്ത്രഭാഗങ്ങളെ സംയോജിപ്പിക്കുന്ന വ്യവസായശാലകൾ എന്നറിയപ്പെടുന്നു. വാഹന തൊഴിൽശാലകളും, കമ്പ്യൂട്ടർ ഭാഗങ്ങൾ സംയോജിപ്പിക്കുന്ന വ്യവസായശാലകളും ഇത്തരം വ്യവസായശാലകൾക്ക് ഉദാഹരണമാണ്.

### 6. ഉടമസ്ഥതയുടെ സ്വഭാവം

ഉടമസ്ഥതയുടെ സ്വഭാവമനുസരിച്ച് പൊതുവകുപ്പ് വ്യവസായ



മോട്ടോർ വാഹന നിർമ്മാണം
ചിത്രം 26

ശാലകളെന്നും, സ്വകാര്യവകുപ്പ് വ്യവസായശാല കളെന്നും രണ്ടായി പിരിച്ചിട്ടുണ്ട്.

### അ) പൊതു വകുപ്പ്

ഇത്തരം വ്യവസായശാലകൾ സർക്കാരിന് സ്വന്തമായതാണ് ബെൽ, സെയിൽ എന്നീ വ്യവസായശാലകൾ ഇതിനുദാഹരണങ്ങളാണ്.

### ആ) സ്വകാര്യ വകുപ്പ്

ഇത്തരം വ്യവസായശാലകൾ പ്രത്യേക വ്യക്തിക്ക് സ്വന്തമായതോ ഒരു ചെറു വിഭാഗമായോ പ്രവർത്തിക്കുന്ന തൊഴിൽശാലകളാണ്. ഉദാഹരണം റിലയൻസ്.

ഉൽപാദനശേഷിയുള്ള വ്യവസായശാലകൾ സാമ്പത്തികത്തിൽ അധിക വസ്തുക്കളും ഗുണവും നൽകുന്ന വകുപ്പാണ്.

രാജ്യത്തിൻറെ സാമ്പത്തിക പുരോഗതിക്ക് വിവിധതരം വ്യവസായ ശാലകൾ കാരണമാകുന്നു. സാമ്പത്തിക പുരോഗതി പ്രാപിച്ച രാജ്യങ്ങൾ വ്യവസായിക പുരോഗതിയും കൈവരിച്ചിട്ടുണ്ട്.

## അഭ്യാസം.

**I. പൂരിപ്പിക്കുക**

1. ഭാരം കുറഞ്ഞ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് ________തയ്യാറാക്കുന്ന തൊഴിൽശാലകൾ എവിടെവേണമെങ്കിലും സ്ഥാപിക്കാം
2. വാഹന തൊഴിൽശാല ഒരു __________തൊഴിൽശാലയാണ്
3. ______ വ്യവസായശാലകൾ കമ്പോളങ്ങൾക്ക് സമീപം സാഥാപിക്കുന്നു.
4. കൈത്തറിത്തൊഴിലുകൾ___ വ്യവസായശാലകൾക്ക് ഉദാഹരണമാണ്5.
5. പതപ്പെടുത്തുന്ന തൊഴിലുകൾ അസംസ്കൃത __________വസ്തുക്കളാൽ വസ്തുക്കളാക്കി മാറ്റുന്നു.

**II. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക**

1. സ്വാകാര്യ സ്ഥാപനത്തിനുദാഹരണം.

   അ. റിലയൻസ് ആ).ബെൽ (BHEL)

   ഇ) ഭാരത്സഞ്ചാർ നിഗാംലിമിറ്റഡ് (BSNL)

2. വൻതോതിൽ ഉല്പാദന ശക്തിയുള്ള തൊഴിൽ ശാലകൾക്ക്________മൂലധനം ആവശ്യമാണ്.

   അ)അധിക ആ) മിതമായ ഇ) കുറഞ്ഞ

3. ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്ന തൊഴിൽശാലകൾ _____________ആശ്രയിച്ച് പ്രവർത്തിക്കുന്ന വ്യവസായശാലകളിൽ ഉൾപ്പെടുന്നു.

   അ) കാടുകളെ സംബന്ധിച്ച ആ)കാർഷികോല്പന്നങ്ങളെ സംബന്ധിച്ച

   ഇ) ഖനിജങ്ങളെ സംബന്ധിച്ച

4. പരുത്തി വ്യവസായം _________ഒരു തൊഴിലാണ്

   അ) കൈത്തൊഴിൽ സംബന്ധിച്ച

   ആ) യന്ത്രഭാഗങ്ങളെ സംയോജിപ്പിക്കുന്ന

   ഇ) കാർഷിക വസ്തുക്കളെ സംബന്ധിച്ച

5. പഞ്ചസാര വ്യവസായശാല __________ സംബന്ധിച്ച തൊഴിൽശാലയാണ്.

   അ) അസംസ്കൃതവസ്തു ആ) ചിതറിക്കാണപ്പെടുന്ന

   ഇ) കമ്പോളം

## III. യോജിപ്പിക്കുക

| | | |
|---|---|---|
| 1. വിത്തുകളെ നീക്കുന്ന രീതി | - | ഇരുമ്പുരുക്കു വ്യവസായശാല |
| 2. പതപ്പെടുത്തൽ | - | വൻകിട വ്യവസായശാല |
| 3. ഉരുക്കുന്നത് | - | പരുത്തി വ്യവസായശാല |
| 4. മുലധനം | - | കൈത്തറിവ്യവസായശാല |
| 5. നെയ്ത്ത് | - | തോൽ വ്യവസായശാല |

## IV. ചുരുക്കി ഉത്തരമെഴുതുക

1. സ്ഥിതിചെയ്യുന്ന സ്ഥലത്തെ അടിസ്ഥാനമാക്കിയുള്ള വ്യവസായശാലകളുടെ വിഭാഗങ്ങളെ എഴുതുക
2. ഉല്പാദന അളവിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായശാലകളെ എപ്രകാരം തരംതിരിക്കപ്പെടുന്നു. ?
3. യന്ത്രഭാഗങ്ങളെ സംയോജിപ്പിക്കുന്ന വ്യവസായശാല എന്നാലെന്ത് ?
4. ചെറുകിട വ്യവസായശാലകൾക്കുദാഹരണം നൽകുക ?
5. കൈത്തൊഴിലിന്റെ സവിശേഷതളെന്തെല്ലാം ?

## V. ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക

1. വ്യത്യാസങ്ങൾ എഴുതുകഃ വൻതോതിൽ ഉല്പാദിപ്പിക്കുന്ന വ്യവസായശാലകൾ, ചെറിയതോതിൽ ഉല്പാദിപ്പിക്കുന്ന വ്യവസായശാലകൾ.
2. അസംസ്കൃത സാധനങ്ങളെ അടിസ്ഥാനമാക്കി വ്യവസായശാലകൾ തരം തിരിച്ചിട്ടുള്ളതിനെക്കുറിച്ച് വിവരിക്കുക.

## VI. വിശദമായി ഉത്തരമെഴുതുക

1. വ്യവസായ ശാലകളെ എപ്രകാരം തരം തിരിച്ചിരിക്കുന്നു ?

## രൂപീകരണ മൂല്യനിർണ്ണയം

### I. കുറിപ്പെഴുതുക

1. നിങ്ങൾ വസിക്കുന്ന ജില്ലയിലെ വ്യത്യസ്ത തരത്തിലുള്ള ഏതെങ്കിലും 10 വ്യവസായശാലകളുടെ പട്ടിക തയ്യാറാക്കുക
2. കൃഷിപരമായ ഏതെങ്കിലും അഞ്ച് വ്യവസായശാലകളെ പട്ടികയാക്കി കുറിപ്പെഴുതുക
   അ. ധാന്യങ്ങൾ
   ആ. വിളനിലം
   ഇ. ഉൽപാദനവസ്തുക്കൾ
   ഈ. ഉൽപാദനരീതി
3. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഏതെങ്കിലും ഒരു കരകൗശലനിർമ്മാണത്തെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് ബുക്കിൽ ഒട്ടിക്കുക.
4. ഇന്ത്യയിലുള്ള വാഹനതൊഴിൽശാലകളുടെ പട്ടിക തയ്യാറാക്കുക

## 1. മനുഷ്യാവകശങ്ങളും ഐക്യരാഷ്ട്ര സംഘടനയും

അവകാശങ്ങൾ എന്നത് മനുഷ്യന് ബുദ്ധിമുട്ടില്ലാതെ ജീവിക്കുന്നതിനാവശ്യമായ നിബന്ധനകളാണ്. മനുഷ്യാവകാശം എന്നത് പാരമ്പര്യമായി മനുഷ്യനു ലഭിച്ചിട്ടുള്ള അവകാശങ്ങളാണ്. പണ്ഡിതനായ പെസാങ്ഗോയുടെ അഭിപ്രായപ്രകാരം അവകാശമെന്നാൽ സമൂഹത്താൽ അംഗീകരിക്കപ്പെട്ടതും രാഷ്ട്രത്താൽ നടപ്പിലാക്കപ്പെട്ടതുമായ അധികാരമാകുന്നു.

മനുഷ്യാവകാശമെന്നത് ഒരു വ്യക്തിയുടെ സർവ്വധോമുഖമായ പുരോഗതിയെ രൂപീകരിക്കുന്ന അവകാശങ്ങളാകുന്നു. മനുഷ്യന്റെ സമൂഹിക സാമ്പത്തിക അവകാശങ്ങളെയാണ് മനുഷ്യാവകാശം എന്നു പറയുന്നത്.

രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം ഐക്യരാഷ്ട്ര സംഘടന മനുഷ്യവകാശങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി പല നടപടികളും കൈക്കൊണ്ടു വരുന്നു.

എല്ലാ വർഷവും ഒക്ടോബർ 24-ാം തിയതി ഐക്യരാഷ്ട്ര ദിനമായി ആചരിക്കുന്നു.

### ഐക്യരാഷ്ട്ര സംഘടനയുടെ മനുഷ്യാവകാശ പ്രഖ്യാപനം(1948)

1945 ഒക്ടോബർ 24-ാം തിയതി ഐക്യരാഷ്ട്രസംഘടന രൂപീകരിക്ക പ്പെട്ടു. അതിന്റെ പ്രധാന ലക്ഷ്യങ്ങ ളിലൊന്നാണ് മനുഷ്യാവകാശങ്ങളെ സംരക്ഷിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നത്.

ഐക്യ രാഷ്ട്രസംഘടനയുടെ ആലോചനപ്രകാരം മനുഷ്യാ വകാശങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി മനുഷ്യാവകാശ കമ്മിഷൻ രൂപീകരിച്ചിട്ടുണ്ട്. ഇത് മനുഷ്യാവകാശ നിയമത്തെ തയാറാക്കി നൽകി ഇതിനെ ഐക്യരാഷ്ട്ര പൊതു സമ്മേളനം 1948 ഡിസംബർ 10-ാം തിയതി അംഗീകരിച്ചു. ഇത് **ലോക മനുഷ്യാവകാശ പ്രഖ്യാപനം** എന്നറിയപ്പെടുന്നു.

എല്ലാ വർഷവും ഡിസംബർ 10-ന് മനുഷ്യാവകാശ ദിനമായി അംഗീകരിച്ചു.

ഐക്യരാഷ്ട്രസംഘടന എല്ലാപേർക്കും സമമായ മനുഷ്യാവകാശങ്ങളെ പ്രോത്സാഹിപ്പിച്ചു. ഈ പ്രഖ്യാപനത്തിൽ 30 ലേഖനങ്ങളുണ്ട്. ഇത് രണ്ടു ഭാഗങ്ങളായി പിരിക്ക പ്പെട്ടിരിക്കുന്നു.

1. പൗരാവകാശങ്ങളും, രാഷ്ട്രീയ വകാശവും
2. സാമൂഹ്യ സാമ്പത്തിക, സാംസ്കാരികാവകാശങ്ങൾ.

### 1. പൗരാവകാശവും, രാഷ്ട്രീയ അവകാശവും

ഈ അവകാശങ്ങൾ ആധുനിക യുഗത്തിലെ ജനാധിപത്യ ഭരണവുമായി വളരെ അടുത്ത ബന്ധമുള്ളതാണ്. ഈ അവകാശങ്ങൾ ജീവിക്കാനുള്ള അവകാശം സംരക്ഷണാവകാശം, അടിമത്വം പീഡനം, എന്നിവയിൽ നിന്നുള്ള മോചനം. നിയമത്തിന്റെ മുമ്പിൽ

സമത്വം

* സ്വത്തവകാശം

* രാഷ്ട്രീയത്തിൽ പങ്കെടുക്കാനുള്ള അവകാശം

*വിവാഹത്തിനുള്ള അവകാശം കുട്ടിക ൾക്കാ യുള്ള സമൂഹ്യ സംര ക്ഷണം.

*മാതാവിനും കുട്ടികൾക്കും പ്രത്യേക സംരക്ഷണാവകാശം എന്നിവയാകുന്നു.

## സാമൂഹ്യ സാമ്പത്തിക സാംസ്കാരിക അവകാശങ്ങൾ.

1. ജോലി ചെയ്യുന്നതിനുള്ള അവകാശം

2. സമമായ ജോലിക്ക് സമമായ ശമ്പളം.

3. തൊഴിൽ സംഘടനകൾ രൂപീകരിക്കുന്നതിനും അതിൽ ചേരുന്നതിനുമുള്ള അവകാശം.

4. ഉയർന്ന ജീവിത നിലവാരം നേടാനുള്ള അവകാശം

5. വിദ്യാഭ്യാസ അവകാശം.

6. സാംസ്കാരിക ജീവിതത്തിൽ യാതൊരു തടസ്സവുമില്ലാതെ പങ്കെടുക്കാ നുള്ള അവകാശം.

## മനുഷ്യാവകാശ സംരക്ഷണം

മനുഷ്യാവകാശ പൊതു പ്രഖ്യാപനം എല്ലാ രാജ്യങ്ങളും പിൻ തുടരേണ്ടതാണ്. ഐക്യ രാഷ്ട്ര സംഘടന 1966 ഡിസംബർ 16-ാം തിയതി മനുഷ്യാവകാശ സംരക്ഷണത്തിനുവേണ്ടി രണ്ടു ഉടമ്പടികൾ സ്വീകരിച്ചു. അവ

1. സാമ്പത്തിക സാമൂഹിക സാംസ്കാരിക അവകാശത്തിനുമേൽ പല നാടുകളും ചേർന്നുള്ള ഉടമ്പടി.

2. പൗര അവകാശം രാഷ്ട്രീയ അവകാശം എന്നിവയ്ക്കു വേണ്ടി നാടുകൾ ചേർന്നു ചെയ്ത ഉടമ്പടി.

ഐക്യരാഷ്ട്ര സംഘടനയുടെ അംഗരാജ്യങ്ങൾ ഈ ഉടമ്പടികളെ സംരക്ഷിക്കുന്നതിനെ ഉത്തരവാദിത്വം നൽകുന്നതിനും കടമപ്പെട്ടവരാണ്. ഇപ്രകാരം ഐക്യരാഷ്ട്ര സംഘടന ലോക അളവിൽ മനുഷ്യാ വകാശങ്ങളെ സംരക്ഷിക്കുന്നതിൽ മുഖ്യ പങ്കു വഹിക്കുന്നു.

1993-ൽ വിയന്നയിൽ നടന്ന ലോക മനുഷ്യാവകാശ സമ്മേള നത്തിൽ (വിയന്നാ പ്രഖ്യാപനത്തിൽ) മനുഷ്യാവകാശങ്ങളെ സംരക്ഷി ക്കുകയും അതിനെ പുരോഗമിപ്പി ക്കുകയും ആയിരിക്കണം. ഇത് അന്താ രാഷ്ട്ര സമൂഹത്തിന്റെ നിയമപരമായ ലക്ഷ്യമായിരിക്കണമെന്ന് പ്രഖ്യാ പിച്ചു. ഇതനുസരിച്ച് 1993-ൽ ഇന്ത്യാ ഗവണ്മെന്റ് ഒരു നിയമം പാസ്സാക്കി. ഈ നിയമപ്രകാരം 1993-ൽ ന്യൂഡൽഹിയിൽ ദേശീയ മനുഷ്യാ വകാശ കമ്മിഷൻ രൂപീ കരിച്ചു. സംസ്ഥാനങ്ങളിൽ സംസ്ഥാന മനു ഷ്യാവകാശ കമ്മിഷനുകൾ രൂപീ കരിച്ച് പൗരാവകാശങ്ങളെ സംരക്ഷി ക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയുമാകുന്നു.

## ദേശീയ മനുഷ്യാവകാശ കമ്മീഷൻ

1993-ാംമാണ്ട് രൂപീകരി ക്കപ്പെട്ട മനുഷ്യാവകാശ നിയമമനു സരിച്ച് ഇന്ത്യയിൽ 1993- ഒക്ടോബർ 12-ാം തിയതി ദേശീയ മനുഷ്യാവ കാശകമ്മീഷൻ സ്ഥാപിക്കപ്പെട്ടു.

ഇതിൽ ഒരു ചെയർമാനും മറ്റു നാലംഗങ്ങളുമുണ്ട്. 1. ഈ കമ്മിഷന്റെ

അദ്ധ്യക്ഷൻ ജോലിയിൽ നിന്ന് വിരമിച്ച സുപ്രീം കോടതി പ്രധാന ന്യായാധിപനായി സേവനമനുഷ്ഠിച്ചിരി ക്കണം.

2. അംഗങ്ങളിലൊരാൾ സുപ്രീം കോടതിന്യായാധിപനായി സേവന മനുഷ്ഠിക്കുകയോ അല്ലെങ്കിൽ മുൻപ് സേവനമനുഷ്ഠിച്ചവരോ ആയിരിക്കണം.

3.അംഗങ്ങളലൊരാൾ ഏതെങ്കിലും ഹൈക്കോടതിയിൽ മുഖ്യ ന്യായാധിപനായി സേവനമനുഷ്ഠിക്കുന്നവരോ അല്ലെങ്കിൽ സേവനമനുഷ്ഠിച്ചിരുന്നയാളോ ആയിരിക്കണം.

4. മറ്റുരണ്ടംഗങ്ങൾ മനുഷ്യാവകാശങ്ങളെക്കുറിച്ച് അനുഭവവും അറിവുമുള്ള വരായിരിക്കണം.

### ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഘടന

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആസ്ഥാനം ന്യൂഡൽഹിയാണ്. ഇതിന്റെ ചെയർമാൻ, മറ്റംഗങ്ങൾ എന്നിവരെ പ്രസിഡന്റ് നിയമിക്കുന്നു. ചെയർമാനെയോ മറ്റംഗംങ്ങളെയോ നീക്കം ചെയ്യുന്നതിന് പ്രസിഡന്റിനുമാത്രമേ അധികാരമുള്ളു. ചെയർമാന്റേയും മറ്റംഗങ്ങളുടെയും ഔദ്യോഗിക കാലാവധി അഞ്ചു വർഷമോ അല്ലെങ്കിൽ 70 വയസ്സുവരെയാണ്. പക്ഷെ വീണ്ടും അവരെ അടുത്ത അഞ്ചു വർഷത്തേയ്ക്ക് നിയമിക്കപ്പെടാം.

### മനുഷ്യാവകാശ കമ്മിഷന്റെ പ്രവർത്തനങ്ങൾ

മനുഷ്യാവകാശകമ്മിഷന്റെ പ്രധാന ലക്ഷ്യം മനുഷ്യാവകാശങ്ങളെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കു കയുമാണ്. അതിന്റെ പ്രവർത്തനങ്ങൾ താഴെപറയും വിധമാണ്.

അന്വോഷണങ്ങളിലൂടെ മനുഷ്യാവകാശങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുക.

മാധ്യമങ്ങളിലൂടെയും, സംവാദങ്ങളിലൂടെയും മനുഷ്യാവകാശ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.

ബാധിക്കപ്പെട്ടവർ അല്ലെങ്കിൽ അവരുമായി ബന്ധപ്പെട്ടവർ നൽകുന്ന പരാതികളെ സ്വീകരിച്ച്അന്വോഷണം നടത്തി നീതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നു.

ദേശീയ മനുഷ്യാവകാശ കമ്മിഷൻ ചില മുഖ്യ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു. അവ

1.പൗരാവകാശത്തെ സംരക്ഷി ക്കുക.

2.മനുഷ്യാവകാശ പ്രവർത്ത നങ്ങൾക്കെതിരായ നിയമങ്ങളെ പരിശോധിക്കുക.

3. മനുഷ്യാവകാശ സംസ്കാരങ്ങളെ പ്രചാരത്തിൽ കൊണ്ടുവരുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

4. പോലീസ് സ്റ്റേഷനുകളിലുണ്ടാകുന്ന കലാപങ്ങൾ, പീഡനങ്ങൾ എന്നിവയെ ഇല്ലാതാക്കുക.

5. ആദിവാസികൾ, താഴ്ത്തപ്പെട്ടവർ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ അവകാശങ്ങളെ സംരക്ഷിക്കുക.

### അധികാരങ്ങൾ

നീതിന്യായ കോടതി ക്കുള്ള എല്ലാ അധികാരങ്ങളും മനുഷ്യാവകാശ കമ്മിഷനുണ്ട്. കമ്മിഷന്റെ പ്രവർത്തനങ്ങളുടെ വാർഷിക

റിപ്പോർട്ട് ബന്ധപ്പെട്ട ഗവണ്മെന്റിന് അയച്ചുകൊടുക്കേണ്ടതാണ്. ഗവണ്മെന്റ് ഈ വിവരങ്ങളെ പാർലമെന്റിൽ സമർപ്പിക്കും. തീരുമാനങ്ങളുടെമേൽ സ്വീകരിക്കപ്പെട്ട നടപടികൾ അല്ലെങ്കിൽ സ്വീകരിക്കപ്പെടാവുന്ന നടപടികൾ എന്നിവയെപ്പറ്റി ഗവണ്മെന്റ് പാർലമെന്റിന്റെ ഇരു സഭകളിലും സമർപ്പിക്കുന്നു. പൊതുവെ ദേശീയ മനുഷ്യാവകാശ കമ്മിഷൻ മനുഷ്യാവകാശങ്ങളെ പ്രോത്സാഹിപ്പിക്കുയും സംരക്ഷിക്കുകയും ചെയ്യുന്നു.

> ദേശീയ മനുഷ്യവകാശ കമ്മീഷനിലെ ഇപ്പോഴത്തെ അദ്ധ്യക്ഷൻ, ജനറൽ സെക്രട്ടറി എന്നിവർ ആര്.

## സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ

തമിഴ്നാട്ടിൽ 1997 ഏപ്രിൽ 17-ാം തിയതി സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ നിലവിൽ വന്നു.

## കമ്മിഷന്റെ രൂപീകരണം

സംസ്ഥാന മനുഷ്യാവകാശ കമ്മിഷനിൽ ഒരദ്ധ്യക്ഷനും, നാലു അംഗങ്ങളും ഉൾപ്പെടുന്നു. കമ്മിഷന്റെ അദ്ധ്യക്ഷൻ ഹൈക്കോടതിയിൽ പ്രധാന ന്യായാധിപനായിരുന്നിട്ട് വിരമിച്ച ആളായിരിക്കണം. അംഗങ്ങളിലൊരാൾ ഹൈക്കോടതിയിൽ നിന്ന് വിരമിച്ച ന്യായാധിപനാണ്. ഒരംഗം ആ സംസ്ഥാനത്തിലെ ഏതെങ്കിലും ഒരു ജില്ലാ കോടതിയിലെ ന്യായാധിപനായി വിരമിച്ച ഒരാളായും രണ്ടംഗങ്ങൾ മനുഷ്യാവകാശങ്ങളെക്കുറിച്ച് അറിവും അനുഭവവും ഉള്ളവരുമായിരിക്കണം.

മനുഷ്യാവകാശ കമ്മിഷനിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ് ഇതിന്റെ സെക്രട്ടറി. തമിഴ്നാട്ടിൽ മനുഷ്യാവകാശ കമ്മിഷന്റെ ആസ്ഥാനം ചെന്നൈ ആണ്. ഇന്ത്യൻ ഭരണ ഘടനയിൽ ഭാഗം , III യിൽ പ്രസ്താവിച്ചിട്ടുള്ള മനുഷ്യാ വകാശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള അവകാശങ്ങൾ നിഷേധിച്ചാൽ അതിനെപ്പറ്റി ഈ കമ്മീഷൻ വിചാരണ ചെയ്യുന്നതാണ്. സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ അംഗങ്ങളേയും പ്രധാന കമ്മിഷണറെയും നിയമിക്കുന്നത് സംസ്ഥാന ഗവർണറാണ്. എന്നാൽ ആ നിയമം സംസ്ഥാന മുഖ്യ മന്ത്രി, സ്പീക്കർ, സംസ്ഥാന ആഭ്യന്ത രമന്ത്രി, പ്രതിപക്ഷ നേതാവ്, മേൽസഭ ചെയർമാൻ, മേൽസഭ പ്രതിപക്ഷ നേതാവ് എന്നിവർ അടങ്ങിയ സംഘത്തിന്റെ നിർദ്ദേശമനുസരിച്ചാണ് ഇതു നടക്കുന്നത്.

> തമിഴ്നാട് സംസ്ഥാന മനുഷ്യാവകാശ കമ്മിഷനിലെ ചെയർമാൻ ആരാണ് ?

സംസ്ഥാന മനുഷ്യാവകാശ കമ്മിഷനിലെ അംഗങ്ങളെ പെരുമാറ്റ ചടങ്ങിനു വിധേയമാക്കി നീക്കം ചെയ്യുന്നതിന് ഗവർണർക്കധികാരമുണ്ട്. ഇവരുടെ കാലാവധി 5 വർഷം അല്ലെങ്കിൽ 70 വയസ്സുവരെയാണ്.

## സംസ്ഥാന മനുഷ്യാവകാശ കമ്മിഷന്റെ പ്രവർത്തനങ്ങൾ

സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന ഗവൺമെന്റിനെ വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നു. ആ റിപ്പോർട്ടിൽ മനുഷ്യാ വകാശങ്ങളെ സംരക്ഷിക്കുന്നതിനുള്ള ശുപാർശ അതിനോടനുബന്ധപ്പെട്ട രീതികൾ എന്നിവ കാണപ്പെടുന്നു.

ചില സമയ ങ്ങളിൽ ചില പ്രത്യേക റിപ്പോർട്ടു കളും ഈ കമ്മിഷൻ ഗവണ്മെന്റിനു സമർപ്പിക്കുന്നു. സംസ്ഥാന ഗവൺ മെന്റ് ഈ റിപ്പോർട്ടുകളെ നടപടി ക്കായി സംസ്ഥാന നിയമ സഭയിൽ സമർപ്പിക്കുന്നു.

### ജില്ലകളിലെ മനുഷ്യവകാശ കോടതികൾ.

മനുഷ്യാവകാശ ലംഘനം ജില്ലകളിൽ. മനുഷ്യാവകാശ കോടതി കൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകുന്നു. ഒരു സർക്കാർ അഭിഭാഷ കനോ അല്ലെങ്കിൽ ഏഴു വർഷം ആ പദവിയിൽ ഇരുന്ന ഒരാളേയോ ജില്ലാ മനുഷ്യാവകാശ കോടതിയിലെ ന്യായാധിപനായി നിയമിക്കുന്നു. ഇദ്ദേഹമാണ് ജില്ലാ നീതിന്യായ കോടതികളിൽ കേസ്സുകൾ വാദിക്കുന്നത്. ഈ കോടതികൾ മനുഷ്യാവകാശലംഘനങ്ങളെക്കുറിച്ച് അന്വേഷണം നടത്തി ബന്ധപ്പെ ട്ടവർക്ക് നീതി ലഭ്യമാക്കുന്നു.

### സ്ത്രീകളുടെ അവകാശങ്ങൾ

സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യയിൽ സ്ത്രീകളുടെ നില ഉയർത്തു ന്നതിനും സ്ത്രീകൾക്കെ തിരെയുള്ള അനീതികളെ ഇല്ലാതാക്കുന്നതിനും ഗവണ്മെന്റ് പല നിയമങ്ങളും പാസ്സാക്കി.

1856-ൽ ഹിന്ദു വിധവാ പുനർ വിവാഹ നിയമം പാസ്സാക്കി. 1955-ൽ ഹിന്ദു വിവാഹ നിയമപ്രകാരം സ്ത്രീകളുടെ വിവാഹ പ്രായത്തെ 21-ായി ഉയർത്തി.

1956-ൽ ഹിന്ദു പിൻതുടർച്ച അവകാശപ്രകാരം അച്ഛനമ്മ മാരുടെ സ്വത്തിൽ പെൺമക്കൾക്കുള്ള അവകാശം ഉറപ്പാക്കി.

1961-ൽ സ്ത്രീധന നിരോധന നിയമപ്രകാരം സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകളെ പീഡിപ്പിക്കുന്നത് ശിക്ഷാർഹമായ കുറ്റമാക്കി.

തമിഴ്നാട് ഗവണ്മെന്റ് സ്വാഭിമാന വിവാഹങ്ങൾ അംഗീകരിക്കുന്നതിനായി 1967-ൽ ഹിന്ദു വിവാഹ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നു.

1997-ൽ തമിഴ്നാട് ഗവണ്മെന്റ് സ്ത്രീകളെ ശല്യം ചെയ്യുന്നതിനെ കുറ്റകരമാക്കി നിയമം കൊണ്ടുവന്നു. കൂടാതെ 1999-ൽ തമിഴ്നാട് സർക്കാർ സ്ത്രീകളെ തെറ്റായി ചിത്രീകരിക്കുന്ന തിനെതിരായിനിയമം കൊണ്ടുവന്നു. ഇതു പ്രകാരം പത്രമാസികകളിൽ സ്ത്രീകളെ തെറ്റായി ചിത്രീകരിക്കുന്ന തിനെ നിരോധിച്ചു.

ഇങ്ങനെ സ്ത്രീകളുടെ ഉന്നമന ത്തിനു വേണ്ടി പലന ിയമങ്ങളും ഗവ ണ്മെന്റു പാസ്സാക്കി.

### സ്ത്രീകൾക്കായുള്ള തൊഴിൽ സംരക്ഷണ നിയമം

ഇന്ത്യാ ഗവണ്മെന്റ് ജോലി ചെയ്യുന്ന സ്ത്രീകളെ സംരക്ഷിക്കു ന്നതിനുവേണ്ടി നിരവധി നിയമങ്ങൾ പാസ്സാക്കി. 1948-ലെ തൊഴിൽശാലാ നിയമം, 1951-ലെ തോട്ടതൊഴിൽ നിയമം, 1952-ലെ ഖനി നിയമം എന്നി വ സ്ത്രീകളെ സംരക്ഷിക്കുന്നതിനും പുരുഷഭേദമെന്യേ സമമായ ജോലിക്ക് സമമായ ശമ്പളം നൽകുന്ന തിനും വ്യവസ്ഥചെയ്തു. 1961-ലെ മാതൃത്വ അനുകൂല നിയമം ഉദ്യോഗ സ്ഥകളായ സ്ത്രീകൾക്ക് പ്രസവാ വധി മുഴുവൻ ആനുകൂല്യങ്ങളോട് നൽകുന്നതിന് വ്യവസ്ഥ ചെയ്തു.

എല്ലാവർഷവും മാർച്ച് 8-ാം തിയതി അന്തർദേശീയ വനിതാ ദിനമായി ആഘോഷിക്കുന്നു. പ്രഗത്ഭരായ സ്ത്രീകളുടെ സമ്മേളനം 1995-ൽ ചൈനയിലെ തലസ്ഥാന മായ ബെയ്ജിംഗിൽ ഒരു ലോക വനിതാ സമ്മേളനം നടന്നു. ആ സമ്മേളനത്തിന്റെ സന്ദേശം സ്ത്രീകളുടെ അവകാശമാണ് മനുഷ്യാവകാശം മനുഷ്യാവകാശമാണ് സ്ത്രീകളുടെ അവകാശം.

ഐക്യ രാഷ്ട്ര സംഘടന 1978-ാം വർഷത്തെ അന്താരാഷ്ട്ര വനിതാ വർഷമായി പ്രഖ്യാപിച്ചു.

## മഹിളാ സമാജങ്ങൾ

മഹിളാസമാജങ്ങളായ ഇന്ത്യയിലെ ജനാധിപത്യ മഹിളാസമാജം തമിഴ്നാട്ടിലെ സ്ത്രീ അവകാശ പ്രസ്ഥാനം എന്നിവ സ്ത്രീകളുടെ അവകാശങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്നു. കൂടാതെ ധാരാളം ഗവൺമെന്റതര സംഘടനകളായ ലയൻസ് ക്ലബ്ബ്, റോട്ടറിക്ലബ്ബ്, ഇന്നർവീൽ ക്ലബ്ബ് എന്നിവയും സ്ത്രീ ഉന്നമനത്തിനു വേണ്ടി പ്രയത്നിച്ചു വരുന്നുണ്ട്.

## കുട്ടികളുടെ അവകാശങ്ങൾ

നമ്മുടെ ഭരണ ഘടന കുട്ടികളുടെ അവകാശ സംരക്ഷണത്തിനുവേണ്ടിയും കുട്ടികൾക്ക് നേരെ യുള്ള ചൂഷണങ്ങളെ ഇല്ലാതാക്കു ന്നതിനു വേണ്ടിയും പല നിയമങ്ങ ളെയും കൊണ്ടുവന്നു.

വകുപ്പ്39 (F) കുട്ടികളുടെ ആരോഗ്യ പരിപാലനത്തെ പരിപോഷിപ്പിക്കുന്നു. 45-ാം ലേഖനം 14 വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നൽകുന്നതിനെ വ്യവസ്ഥ ചെയ്യുന്നു. ലേഖനം 24 ബാലവേല തടയുന്നു. 1986-ൽ പാസ്സാക്കപ്പെട്ട ബാല അനീതിക്കെതിരെയുള്ള നിയമം സംരക്ഷണം കിട്ടാത്ത കുട്ടികൾക്ക് സംരക്ഷണം നൽകുന്നതിനും അവരെ പുനരുദ്ധരിപ്പിക്കുന്നതിനും ശ്രമിക്കുന്നു.

ഐക്യരാഷ്ട്ര സംഘടന 1979-ാം വർഷത്തെ അന്താരാഷ്ട്ര ശിശു വർഷമായി പ്രഖ്യാപിച്ചു.

ഇത്തരം നിയമങ്ങൾ നിലവിലുണ്ടെങ്കിലും ഇന്നും ബാലവേല ഇന്ത്യയിലെ ഒരു ശാപമായി നിലകൊള്ളുന്നു. ടെലിവിഷൻ, റേഡിയോ, വർത്തമാനപത്രങ്ങൾ, മാസികകൾ എന്നിവയിലൂടെ ബാലവേല തടയുന്നതിനുവേണ്ട ശ്രമങ്ങൾ നടത്തി വരുന്നു.

കുട്ടികളെ ജോലിക്കയക്കാതെ സ്കൂളിലേയ്ക്കയക്കുന്നതിന് രക്ഷിതാക്കളോട് ഗവൺമെന്റ് അഭ്യർത്ഥിക്കുന്നുണ്ട്.

ഗവൺമെന്റിന്റേയും ജനങ്ങളുടേയും സഹായത്തോടെ അനിഷേധ്യമായ മൗലികാവകാശങ്ങൾ ഏതുവിധത്തിലും സുരക്ഷിക്കപ്പെടേണ്ടതാണ്. അതിലൂടെ മികച്ചതും സമൃദ്ധവുമായ ലോകത്തെ സൃഷ്ടിക്കാവുന്നതാണ്.

## അഭ്യാസം

### I. ശരിയായ ഉത്തരെ തെരെഞ്ഞെടുക്കുക

1. മനുഷ്യാവകാശ ദിനം ആചരിക്കുന്നത് ___________

അ) ഡിസംബർ 10 ആ) നവംബർ 14 ഇ) ഡിസംബർ 20

2. ദേശീയ മനുഷ്യവകാശ കമ്മിഷൻ നടപ്പിലാക്കിയ വർഷം

അ) 1990 ആ)1993 ഇ)1978

3. മനുഷ്യവകാശ കമ്മിഷനിലെ അംഗങ്ങളുടെ കാലാവധി

അ) 6 വർഷം ആ) 10 വർഷം ഇ) 5 വർഷം

4. 1995-ൽ ലോകത്താകമാനമുള്ള സ്ത്രീകൾ സമ്മേളിച്ച സ്ഥലം

അ) ബെയജിംഗ് ആ) ന്യൂയാർക്ക് ഇ) ഡൽഹി

## II. പൂരിപ്പിക്കുക

1. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ആസ്ഥാനം __________സ്ഥിതി ചെയ്യുന്നു
2. സംസ്ഥാന മനുഷ്യവകാശ കമ്മിഷനിലെ ഏതെങ്കിലും ഒരംഗത്തെ കഴിവില്ലായ്മയുടെ പേരിൽ നീക്കാനുള്ള അവകാശം__________ൽ നിക്ഷിപ്തമാണ്.
3. അന്തർദേശീയ വനിതാ ദിനം _________ൽ ആചരിക്കുന്നു.

## III. യോജിപ്പിക്കുക.

| | | |
|---|---|---|
| 1. ദേശീയ മനുഷ്യാവകാശ കമ്മിഷൻ | - | 1997 |
| 2. സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ | - | 1945 |
| 3. ഐക്യരാഷ്ട്ര സംഘടന | - | 1955 |
| 4. ഹിന്ദു വിവാഹ നിയമം | - | 1993. |

## IV. ചുരുക്കി ഉത്തരമെഴുതുക

1. മനുഷ്യാവകാശങ്ങളെന്നാലെന്ത് ?
2. മനുഷ്യാവകാശ ലംഘനങ്ങളെ ഇല്ലാതാക്കാൻ എടുത്തിട്ടുള്ള നടപടികളെന്തെല്ലാം ?
3. രാഷ്ട്രീയ പൗരാവകാശങ്ങൾ ഏതെല്ലാം ?
4. സ്ത്രീകൾക്കെതിരായ അനീതികളെ ഇല്ലാതാക്കാൻ ഗവണ്മെന്റ് സ്വീകരിച്ച നിയമങ്ങൾ ഏതെല്ലാം.

## V. വിശദമായി ഉത്തരമെഴുതുക

1. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അധികാരങ്ങളെയും പ്രവർത്തനങ്ങളെയും വിവരിക്കുക.
2. സംസ്ഥാനമനുഷ്യാവകാശ കമ്മീഷന്റെ അധികാരങ്ങളെയും പ്രവർത്തനങ്ങളെയും വിവരിക്കുക.

### രൂപീകരണ മൂല്യനിർണ്ണയം

1. വിവിധ മൗലികാവകാശ ധ്വംസനങ്ങളെ കാണിക്കുന്ന ചിത്രങ്ങൾ പത്രമാസികകളിൽനിന്നും ശേഖരിക്കുക. അവയെ നിങ്ങളുടെ ചിത്രപുസ്തകത്തിൽ പതിക്കുക. ഏതവകാശമാണ് ലംഘിക്കപ്പെട്ടതെന്നുള്ള കുറിപ്പെഴുതുക.
2. സ്ത്രീകളുടെ അവകാശങ്ങൾ, ബാലവേല എന്നിവയുടെ ബോധവൽക്കരണത്തിനായി പോസ്റ്ററുകൾ തയ്യാറാക്കുക.
3. ഇന്ത്യയിൽ UNICEF-ന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുക.

# 'എനിക്കും സാധിക്കും, ഞാൻ ചെയ്തു'
# ('I can, I did')
# വിദ്യാർത്ഥികളുടെ പ്രവർത്തനവിവരസൂചിക

വിഷയം

| ക്രമ നമ്പർ | തിയതി | പാഠഭാഗം | പാഠത്തിന്റെ തലക്കെട്ട് | പ്രവർത്തനം | കുറിപ്പ് |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |